# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 17 | ലക്കം 3 | പേജ് 4 | 2010 ഡിസംബർ 1–15



2 മാനേജിംഗ് കമ്മിറ്റിയിലെ ചോദ്യോത്തരങ്ങൾ

3 കൊച്ചമ്മയുടെ വിലാപങ്ങൾ

5 ശുശ്രൂഷകർ അറിയാൻ

7 മാർത്തോമ്മാശ്ലീഹാ മുതൽ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ വരെ


## സഭാതർക്കം മദ്ധ്യസ്ഥതയിലൂടെ പരിഹരിക്കാൻ ശ്രമിക്കണമെന്ന് ഹൈക്കോടതി

കൊച്ചി : പതിറ്റാണ്ടുകളായി നിലനിൽക്കുന്ന മലങ്കരസഭയിലെ ഓർത്തഡോക്സ് യാക്കോബായ തർക്കം മദ്ധ്യസ്ഥതയിലൂടെ പരിഹരിക്കുന്നതിന്റെ സാധ്യതകൾ തേടണമെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു. കോടതിക്കു പുറത്ത് ഉണ്ടാക്കാവുന്ന തർക്ക പരിഹാര മാർഗ്ഗങ്ങളിലൂടെ കേസുകൾ ഒത്തുതീർപ്പാക്കാൻ സാധിക്കുമോ എന്നും ഇരുഭാഗം കക്ഷികളും ഇരുഭാഗം അഭിഭാഷകരും കക്ഷികളുമായി ആലോചിച്ച് മൂന്നാഴ്ചയ്ക്കകം അറിയിക്കണമെന്നും കോടതി ആവശ്യപ്പെട്ടു. ഒന്നിച്ചുപോകുവാൻ സാധിക്കുന്നില്ലെങ്കിൽ രമ്യതയിൽ പരസ്പരം കണക്കുകൾ തീർത്ത് പിരിയുവാനുള്ള സാധ്യതയും ആരായാവുന്നതാണെന്നും കോടതി അഭിപ്രായപ്പെട്ടു. മദ്ധ്യസ്ഥശ്രമം സാധ്യമാണോ എന്നും അങ്ങനെയെങ്കിൽ ഇരുകക്ഷികൾക്കും സ്വീകാര്യരായ മദ്ധ്യസ്ഥർ ആരൊക്കെയാണെന്ന് നിർദ്ദേശിക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

മദ്ധ്യസ്ഥതയിലൂടെ പ്രശ്നം പരിഹരിക്കുന്ന കാര്യം ഇരുകക്ഷികളുടെയും തീരുമാനത്തിന് വിടുകയാണെന്നും കോടതി പറഞ്ഞു. കണ്ടനാട് ഭദ്രാസനത്തിൽപ്പെട്ട ഓണക്കൂർ സെഹിയോൻ പള്ളിയുമായി ബന്ധപ്പെട്ട ഒരു കേസ് പരിഗണിക്കവേയാണ് ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ, ജസ്റ്റിസ് പി.ഭവദാസൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ച് ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിച്ചത്. എറണാകുളം ജില്ലാകോടതി വിധിക്കെതിരെ തിരുമാറാടി സ്വദേശി പി.സി. ജോയി തുടങ്ങിയവർ സമർപ്പിച്ച അപ്പീലിലാണ് കോടതിയുടെ ഉത്തരവ്.

സഭാകേസ് രമ്യമായി പരിഹരിക്കണമെന്ന് പല കോടതികളും പല ഉത്തരവുകളിലൂടെയും ആവശ്യപ്പെട്ടിട്ടും പ്രശ്നം തീരാതെ നിലനിൽക്കുന്നു. 1912–ൽ ആരംഭിച്ചതാണ് യാക്കോബായ ഓർത്തഡോക്സ് സഭാതർക്കം. 1958ലും 1995 -ലും സുപ്രീംകോടതി വിധികളുണ്ടായെങ്കിലും പല മദ്ധ്യസ്ഥരും ഇടപെട്ടിട്ടും പരിഹരിക്കാൻ സാധിച്ചില്ല. സർക്കാർ ഉത്തരവ് അനുസരിച്ച് രൂപീകരിച്ച പള്ളി

(ശേഷം പേജ് 4–ൽ)

**ഒരു നൂറ്റാണ്ട് പഴക്കമുള്ള സഭാകേസുകൾ**

**മജിസ്ട്രേറ്റ് കോടതിയിൽ പരിഹാരമില്ല; ജില്ലാകോടതിയിൽ പരിഹാരമില്ല; ഹൈക്കോടതിയിൽ പരിഹാരമില്ല; സുപ്രീംകോടതിവിധിയുണ്ടായാലും സമാധാനമുണ്ടാകുന്നില്ല.**

**കോടതിക്കു പുറത്തുവെച്ച് പരിഹാരം ഉണ്ടാക്കണമെന്ന് കോടതികൾ.**

**വിവിധ കോടതികളിലായി മുന്നൂറിലധികം കേസുകൾ**

**ഇരുസഭകളുംകൂടി കേസിന് ചിലവാക്കുന്നത് ലക്ഷക്കണക്കിനു രൂപാ.**

**പൊതുഖജനാവിനും നഷ്ടം. വിശ്വാസികളുടെ നേർച്ചപ്പണം വക്കീലന്മാരുടെ കീശകളിലേക്ക്.**

**സഭാകാര്യങ്ങളിൽ നിസംഗരാകുന്ന സഭാംഗങ്ങളുടെ എണ്ണം ദിനംപ്രതി കൂടുന്നു.**

**വിശ്വാസികൾ പെന്തിക്കോസ്ത് സഭകളിൽ ചേക്കേറുന്നു; യുവജനങ്ങൾ സ്വർഗ്ഗീയവിരുന്നിലും, ബോൺ എഗെയ്നിലും സമാധാനം കാണുന്നു.**

**കേസ് നടത്തിയിട്ട് ആർക്ക് എന്ത് പ്രയോജനം എന്ന ചോദ്യം ഉത്തരമില്ലാതെ പിന്നെയും പിന്നെയും ഉയരുന്നു.**

**ലോകാവസാനത്തോളം കേസ് നടത്തുമെന്ന് ഉഗ്രശപഥം ചെയ്തിട്ടുള്ള നേതാക്കന്മാർ.**

**കേസ് നടത്തി മുടിഞ്ഞ നായർ തറവാടുകൾ ആർക്കും പാഠമാകുന്നില്ല.**

## കോടതിവിധി സ്വാഗതം ചെയ്യുന്നു: ഓർത്തഡോക്സ് സഭ
### 95–ലെ സുപ്രീംകോടതിവിധിയും 34–ലെ ഭരണഘടനയും അനുസരിച്ച് ഒത്തുതീർപ്പുണ്ടാക്കണം

കോട്ടയം : സഭാകേസ് സംബന്ധിച്ചുള്ള ഹൈക്കോടതി നിർദ്ദേശം സ്വാഗതം ചെയ്യുന്നതായി ഫാ.ഡോ.ജോൺസ് ഏബ്രഹാം പറഞ്ഞു. 1995–ലെ സുപ്രീംകോടതിവിധിയുടെയും 1934–ലെ സഭാഭരണഘടനയുടെയും അടിസ്ഥാനത്തിൽ ഏത് ഒത്തുതീർപ്പിനും ഓർത്തഡോക്സ് സഭ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

## കോടതിവിധി യാക്കോബായ സഭ സ്വാഗതം ചെയ്യുന്നു : ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവാ

പുത്തൻകുരിശ് : സഭാതർക്കം കോടതിക്കു പുറത്ത് തീർക്കണമെന്ന ഹൈക്കോടതി ഉത്തരവ് സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നതായി ശ്രേഷ്ഠ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു. കോടതിക്കുവെളിയിൽ മദ്ധ്യസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തി തർക്കങ്ങൾ പരിഹരിക്കാൻ യാക്കോബായ സഭ എന്നും തയ്യാറായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

## പാമ്പാക്കുട നമസ്ക്കാരക്രമം സഭയുടെ അമൂല്യസമ്പത്ത് : പ.കാതോലിക്കാ ബാവാ

കോട്ടയം : മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പാ സുറിയാനിയിൽനിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ച പാമ്പാക്കുട നമസ്ക്കാരക്രമം മലങ്കരസഭയുടെ അമൂല്യസമ്പത്താണെന്ന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. പാമ്പാക്കുട നമസ്ക്കാരം പ്രസിദ്ധീകരിച്ചതിന്റെ നൂറാം വാർഷികാഘോഷം കോട്ടയം പഴയ സെമിനാരിയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് മുഖ്യ പ്രഭാഷണം നടത്തി. മെത്രാപ്പോലീത്തന്മാരായ ഡോ.ഗീവർഗീസ് മാർ യൂലിയോസ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, ഡോ.യൂഹാനോൻ മാർ ദിമെത്രയോസ് തുടങ്ങിയവർ സംബന്ധിച്ചു.

## നൂറുവർഷം പൂർത്തിയാക്കിയ പാമ്പാക്കുട നമസ്ക്കാരം

ഫാ.ഡോ.എം.ഒ.ജോൺ

### ആമുഖം

മലങ്കരസഭയുടെ ആത്മീയ ജീവിതത്തെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ള സഭാമക്കളുടെ പ്രാർത്ഥനാജീവിതത്തെ ഏറ്റവുമധികം സമ്പുഷ്ഠമാക്കിയ ഒരു പ്രാർത്ഥനാപുസ്തകമാണ് പാമ്പാക്കുട നമസ്ക്കാരം. പാമ്പാക്കുട നമസ്ക്കാരം പ്രസിദ്ധീകരിച്ചിട്ട് 100 വർഷം തികയുന്നു. യാക്കോബായ സഭയുടെ നേതൃത്വത്തിൽ പാമ്പാക്കുട നമസ്ക്കാരത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ കോലഞ്ചേരിയിൽ ശ്രേഷ്ഠ ബാവാ ഉദ്ഘാടനം ചെയ്തു. ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിലുള്ള ശതാബ്ദി ആഘോഷം പഴയ സെമിനാരിയിൽ പ.കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

ഒരുനൂറ്റാണ്ടുമുമ്പ് മലങ്കരയിൽ വൈദികർക്ക് നമസ്ക്കരിക്കാൻ സുറിയാനി പുസ്തകങ്ങൾ ഉണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടിനു മുമ്പ് കിഴക്കൻ സുറിയാനി ഭാഷയിലും പതിനേഴാം നൂറ്റാണ്ടിനു ശേഷം പടിഞ്ഞാറൻ സുറിയാനിഭാഷയിലും അവർ പ്രാർത്ഥനകൾചൊല്ലി. പുത്തൻകാവിൽ കബറടങ്ങിയിരിക്കുന്ന വലിയ മാർ ദീവന്നാസിയോസിന്റെ കാലത്ത് അദ്ദേഹവും മറ്റും (1765–1808) ഉപയോഗിച്ചിരുന്നത് കൽദായ ആരാധനാക്രമമായിരുന്നു. പരുമല തിരുമേനിയുടെ കാലമായപ്പോഴേയ്ക്കും (1850–1902) പാശ്ചാത്യ സുറിയാനിയിലുള്ള അതായത് ഇപ്പോൾ ഉപയോഗിക്കുന്ന ആരാധനാക്രമങ്ങളും, കുർബ്ബാനക്രമങ്ങളും മലങ്കരയിൽ പ്രചാരത്തിലായി. സുറിയാനിയിൽ ആയിരുന്ന അതൊക്കെ വൈദികർ മുറയ്ക്ക് ഉപയോഗിച്ചു. എന്നാൽ സാധാരണ വിശ്വാസികൾക്ക് ഉപയോഗിക്കുവാൻ പ്രാർത്ഥനാക്രമങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ആ കുറവാണ് 1910–ൽ കോനാട്ട് മാത്തൻ മല്പാൻ പാമ്പാക്കുട നമസ്ക്കാരം പ്രസിദ്ധീകരിച്ചതിലൂടെ പരിഹൃതമായത്.

### വേദപുസ്തകമില്ല പ്രാർത്ഥനയും ഇല്ല

പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരും പാശ്ചാത്യമിഷണറിമാരും കേരളത്തിൽ വരുമ്പോൾ കേരളത്തിലെ മഹാഭൂരിപക്ഷം ക്രൈസ്തവർക്കും "ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....." എന്ന ഒരു പ്രാർത്ഥന മാത്രമേ അറിയാമായിരുന്നുള്ളു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോൾ കൃപനിറഞ്ഞ മറിയമെ എന്ന പ്രാർത്ഥനയും എല്ലാവരും പഠിച്ചു. മുളന്തുരുത്തി സുന്നഹദോസ് (1876) കാലഘട്ടത്തിൽ ആകാശത്തിലുള്ള ബാവായും...... നന്മനിറഞ്ഞ മറിയാമും.... പിന്നെ ഒരുമാതിരി പാണ്ഡിത്യമുള്ളവർക്കും വൈദികർക്കും വിശ്വാസപ്രമാണവും കാണാതെ ചൊല്ലാൻ അറിയാമായിരുന്നു. വേദപുസ്തകപാണ്ഡിത്യം നന്നെ കുറവായിരുന്നു. (മാർഗ്ഗംകളി പാട്ടുകളിലൂടെയും മറ്റും) "ആദത്തെ സൃഷ്ടിച്ചു, ഏദനിലാക്കി ദൈവം......," "പുണ്യവാൻ ഇസഹാക്കിനുണ്ടായി രണ്ടുമക്കൾ, ഒന്നാമൻ ഏശാവും രണ്ടാമൻ യാക്കോബും ....." തുടങ്ങി മാർഗ്ഗംകളിപാട്ടുകളിലൂടെയും മറ്റും ലഭ്യമായ വേദപുസ്തക പരിജ്ഞാനത്തിൽ കവിഞ്ഞൊക്കെ കമ്മിയായിരുന്നു.

വൈദികർ സുറിയാനി പഠിച്ച് ഏവൻഗേലിയോനും കുർബ്ബാന തക്സായും വായിച്ചു. ഏൻഗേലിയോനും തക്സായും സുറിയാനിയിലായിരുന്നു. സുറിയാനി നോക്കി ഏവൻഗേലി വായിച്ച് അത് മലയാളത്തിൽ പറയുക എന്നത് വൈദികരുടെ ഒരു അഭ്യാസമായിരുന്നു. "ചാകാത്ത പുഴുവിൽനിന്ന്...." എന്നതിനുപകരം (ദീവന്നാസിയോസിന്റെ ക്രമം) "ചാകുന്നില്ലാ എന്ന പുഴുവിൽനിന്നും - ഞങ്ങളുടെ ആത്മശരീരങ്ങളെ" എന്ന് കാലം ചെയ്ത മാത്യൂസ് ദ്വിതീയൻ ബാവാ ചൊല്ലുമായിരുന്നത് സുറിയാനി നോക്കി മലയാളത്തിൽ ഭാഷാന്തരം ചെയ്തു ചൊല്ലിയതുകൊണ്ടാണ്. സുറിയാനി നോക്കി കാണാതെ പഠിച്ച മലയാള പരിഭാഷ ഉറക്കെ പറയുകയായിരുന്നു സാധാരണ ഭൂരിപക്ഷം വൈദികരും ചെയ്തിരുന്നത്. മല്പാൻ പാഠശാലകളിലും സുറിയാനി ഏവൻഗേലിയോൻ വായനയും, തക്സാ തഴുകലുമായിരുന്നു മുഖ്യമായി നടന്നത്. വൈദികരുടെ ശ്ഹീമാനമസ്ക്കാരം (കാനോനനമസ്ക്കാരം) സുറിയാനിയിലായിരുന്നത് മല്പാന്മാരും വൈദികരും സുറിയാനിയിൽ ചൊല്ലി എത്തിക്കും (അതിന്റെ അർത്ഥം മനസ്സിലാക്കാതെ തന്നെ). ഇതായിരുന്നു പരുമല തിരുമേനിയുടെ കാലത്ത് നിലവിലുണ്ടായിരുന്ന പതിവ്.

(ശേഷം പേജ് 3–ൽ)

# 23–11–2010–ലെ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയോഗത്തിലെ ചോദ്യോത്തരങ്ങൾ

### 1. ഡോ.ജോർജ് വർഗീസ്

1. മൂന്നു ദശാബ്ദത്തിനു മുമ്പ് സഭയ്ക്ക് തീറെഴുതി തന്ന തുമ്പമൺ തെക്കടെത്തു പുരയിടത്തിന്റെ ഉപയോഗം സംബന്ധിച്ചു പഠിക്കാൻ കാതോലിക്കേറ്റ് & എം.ഡി.സ്ക്കൂൾസ് കോർപറേറ്റ് മാനേജ്മെന്റ് ഗവേണിംഗ് ബോർഡ് 15-03-2010-ലെ തീരുമാനപ്രകാരം ഒരു സമിതിയെ ചുമതലപ്പെടുത്തിയതായി 2010 ജൂൺ 10നു കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ മറുപടി തന്നിരുന്നു. ഈ സമിതി സ്ഥലം സന്ദർശിക്കുകയോ, പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണ് ശുപാർശ?

തുമ്പമൺ തെക്കേടത്തു പുരയിടത്തിന്റെ ഉപയോഗം സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മിറ്റി സംസ്ഥാന സ്പോർട്ട്സ് കൗൺസിലുമായി ബന്ധപ്പെടുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ റിപ്പോർട്ട് അടുത്ത കാതോലിക്കേറ്റ് ആന്റ് എം.ഡി.സ്ക്കൂൾസിന്റെ ഗവേണിംഗ് ബോർഡിൽ സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2. ഓർത്തഡോക്സ് സഭ രാഷ്ട്രീയത്തിൽ നേരിട്ട് ഇടപെടാറില്ലെങ്കിലും സഭയിലെ അഭിവന്ദ്യ തിരുമേനിമാർ വിവിധ രാഷ്ട്രീയ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവാദവിഷയങ്ങളിൽ പരസ്യമായ അഭിപ്രായപ്രകടനങ്ങൾ നടത്തുന്നതിൽ നിയന്ത്രണമുണ്ടോ?

30-01-2008-ൽ സമ്മേളിച്ച സഭാ മാനേജിംഗ് കമ്മിറ്റി യോഗം സഭാസ്ഥാനികൾ രാഷ്ട്രീയപാർട്ടികളുടെ പൂർണ്ണനിയന്ത്രണത്തിൽ നടത്തപ്പെടുന്ന യോഗങ്ങളിൽ സംബന്ധിച്ച് സഹായിക്കരുതെന്ന് തീരുമാനമെടുത്തിട്ടുണ്ട്. സഭയുടെ രാഷ്ട്രീയനിലപാടുകൾ വ്യക്തമാക്കുവാൻ ഒരു മെത്രാപ്പോലീത്തായെയും അധികാരപ്പെടുത്തിയിട്ടില്ല.

3. ഒരു മാതൃകാ ഭരണപ്രദേശമായിരുന്ന കൽക്കട്ടാ ഭദ്രാസനത്തിൽ ഏതാനും മാനേജിംഗ് കമ്മിറ്റിയംഗങ്ങളും, ഭദ്രാസനകൗൺസിൽ അംഗങ്ങളും തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ ഇന്റർനെറ്റിലൂടെയും അല്ലാതെയും ലോകം മുഴുവനുമുള്ള സഭാസ്നേഹികളുടെയും സഭാശത്രുക്കളുടെയും ചർച്ചാവിഷയമായിരിക്കുകയാണല്ലോ. ഇത് കൂടുതൽ വഷളാകാതെ രമ്യമായും തൃപ്തികരമായും എത്രയും വേഗം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുമോ?

കൽക്കട്ടാ ഭദ്രാസനവുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് ഉയർന്നുവന്നിട്ടുള്ള വിവിധ വിഷയങ്ങൾ സംബന്ധിച്ച് ഇടവക മെത്രാപ്പോലീത്തായുമായി സംസാരിച്ച് അവ രമ്യമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ പ.കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് സ്വീകരിച്ചുവരികയാണ്.

### ഫാ.സണ്ണി തോമസ്

1. 100 കോടി രൂപ മുതൽമുടക്കി പരുമലയിൽ ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതായി അറിയുന്നു. ഇതിന്റെ സാമ്പത്തികം എവിടെനിന്ന് കണ്ടെത്തിയെന്ന് വിശദീകരിക്കാമോ?

പരുമലയിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എസ്റ്റിമേറ്റ് 65 കോടി രൂപ മാത്രമാണ്. 100 കോടി രൂപ എന്നത് തെറ്റായ വസ്തുതയാണ്. സഭാവിശ്വാസികളിൽനിന്നുള്ള സംഭാവനകൾ, വ്യക്തിഗത റൂം സ്പോൺസർഷിപ്പ്, റീഫണ്ടബിൾ ഡെപ്പോസിറ്റ് എന്നിവയിലൂടെയാണ് സാമ്പത്തികം കണ്ടെത്തുന്നത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 35 എ.സി.ഐ.റ്റി. ആക്റ്റ് പ്രകാരം നികുതി ഇളവുകളോടു കൂടി 30 കോടി രൂപ കളക്റ്റ് ചെയ്യുന്നതിനുള്ള അനുവാദവും ലഭിച്ചിട്ടുണ്ട്. പ.എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിയന്ത്രണത്തിലുള്ള പരുമല ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

### എ.കെ.ജോസഫ്

1. ദേവലോകത്ത് നിർമ്മിക്കുന്ന സഭാ സെക്രട്ടറിയേറ്റ് മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് എടുത്ത നടപടികൾ എന്തൊക്കെയാണ്?

സഭാസെക്രട്ടറിയേറ്റ് മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാരംഭിക്കുന്നതാണ്.

2. കോട്ടയം എം.ഡി.കൊമേർഷ്യൽ സെന്ററിന്റെ മുറികളുടെ വാടക കുടിശിക എത്രയുണ്ട്? വാടകക്കാർ സഭയെ അറയിക്കാതെ മുറികൾ കൈമാറ്റം ചെയ്യുന്നതിന് അനുവദിക്കാറുണ്ടോ?

31-10-2010-ലെ കണക്കുകൾ പ്രകാരം 10,56075 രൂപാ കുടിശിഖയുണ്ട്.

അനുവദിക്കാറില്ല.

3. കാരാപ്പുഴ കൊല്ലാട് തുടങ്ങിയ സ്ഥലങ്ങളിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ? ഈ സ്ഥലങ്ങളുടെ അതിർത്തി മതിൽ കെട്ടുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

കാരാപ്പുഴ, കൊല്ലാട് സ്ഥലങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് നിലവിൽ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. കാരാപ്പുഴ വസ്തുവിന്റെ അതിർത്തി നിർണ്ണയിച്ച് മതിൽ കെട്ടുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിന് ഫാ.മോഹൻ ജോസഫിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. കാതോലിക്കേറ്റ് ആന്റ് എം.ഡി. സ്ക്കൂളുകളിലെ സ്ഥലം മാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ്? എന്നുമുതൽ ആണ് ഇത് പ്രാവർത്തികമാക്കിയിരിക്കുന്നത്

എല്ലാവർഷവും ഫെബ്രുവരി മാസത്തിൽ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കും. സീനിയോരിറ്റി മുഖ്യ മാനദണ്ഡമാക്കി മാനേജർ ഉൾപ്പെട്ട ഗവേണിംഗ് ബോർഡിൽനിന്നും തെരഞ്ഞെടുക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയാണ് സ്ഥാനമാറ്റം നടത്തുന്നത്.

5. കാതോലിക്കേറ്റ് ആന്റ് എം.ഡി. സ്ക്കൂളുകളിലെ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ നിയമനം സംബന്ധിച്ചുള്ള മാനഡണ്ഡങ്ങൾ വിശദമാക്കാമോ?

ഗവേണിംഗ് ബോർഡ് നിശ്ചയിക്കുന്ന നോംസ് അനുസരിച്ച് മാനേജർ ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയാണ് ഹെഡ്മാസ്റ്റർ നിയമനം നടത്തുന്നത്. ഗവൺമെന്റ് ഉത്തരവനുസരിച്ച് മാനേജരും ഗവൺമെന്റ് നോമിനിയും ഒരു ഹയർ സെക്കണ്ടറി പ്രിൻസിപ്പലും ഉൾപ്പെട്ട കമ്മിറ്റിയാണ് ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ നിയമനം നടത്തുന്നത്.

### ഫാ.എബി ഫിലിപ്പ്

1. മാവേലിക്കര പടിയോലയുടെ 175-ാം വാർഷികം 2011 ജനുവരി മാസം നടക്കുകയാണല്ലോ. സഭയുടെ നേതൃത്വത്തിൽ എന്തെങ്കിലും ചടങ്ങുകളോ/ പ്രവർത്തനങ്ങളോ നടത്തുവാൻ ആഗ്രഹിക്കുന്നുവോ?

ഇതു സംബന്ധിച്ച ചരിത്ര സെമിനാറുകളും പഠനങ്ങളും സംഘടിപ്പിക്കുവാൻ വൈദിക സെമിനാരിയെ ചുമതലപ്പെടുത്തുന്നതാണ്.

### ചെറിയാൻ വർഗീസ്

1 കങ്ങഴ എം.ജി.ഡി.എം. ആശുപത്രിയുടെ കേസ്സ് സംബന്ധിച്ച് ഇപ്പോഴത്തെ നില അറിയിക്കുമോ/

ഒ.എസ്.358/2009 എന്ന നമ്പരായി കോട്ടയം സബ്കോടതിയിൽ കേസ് കൊടുക്കുകയും എം.ജി.ഡി.എം. ട്രസ്റ്റും അതിനോടനുബന്ധിച്ചുള്ള ആശുപത്രിയുടെ സ്വത്തുക്കളും കൈമാറ്റം ചെയ്യരുതെന്നുള്ള നിരോധനാജ്ഞ മാനേജിംഗ് ട്രസ്റ്റിക്കെതിരായി ലഭിച്ചിരുന്നു. അതിനെതിരെ മാനേജിംഗ് ട്രസ്റ്റി ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തെങ്കിലും ഇഞ്ചക്ഷൻ നിലനിർത്തിക്കൊണ്ടു തന്നെ കീഴ്ക്കോടതി തെളിവെടുക്കണമെന്ന് നിർദ്ദേശിച്ചു. എന്നാൽ കീഴ്ക്കോടതി തെളിവെടുക്കണമെന്നുള്ള അപേക്ഷ നിരസിച്ച് സഭയ്ക്കെതിരെ വിധിച്ചു. അതിനെതിരെ ഹൈക്കോടതിയിൽ ആർ.എഫ്.എ. 661/2010 നമ്പരായി അപ്പീൽ കൊടുത്ത് ഇഞ്ചക്ഷൻ നിലനിർത്തിയിട്ടുണ്ട്.

### സോബിച്ചൻ ഏബ്രഹാം

1. പീരുമേട് എഞ്ചിനീയറിംഗ് കോളജിന്റെ ഡയറക്ടർ കൂടെ കൂടെ മാറുന്നതായി അറിയുന്നു. ഇതിന്റെ കാരണമെന്താണ്? ഇത് കോളജിന്റെ ആരോഗ്യകരമായ മുന്നേറ്റത്തിന് തടസ്സമാവില്ലേ. ഇപ്പോഴത്തെ ഡയറക്ടർ ആരാണ്?

പീരുമേട് എഞ്ചിനീയറിംഗ് കോളജിന്റെ ഡയറക്ടറായി പ്രവർത്തിച്ചുവന്ന ശ്രീ.സഖറിയാ മാണി വോളണ്ടറി സർവ്വീസാണ് അനുഷ്ഠിച്ചിരുന്നത്. ആ ചുമതലയിൽനിന്നും തന്നെ വിടുർത്തണമെന്ന് പലപ്പോഴും അദ്ദേഹം ആവശ്യപ്പെട്ടിരുന്ന സാഹചര്യത്തിൽ 2010 നവംബർ 1-ാം തീയതി മുതൽ ഫാ.ഇ.എം.ഫിലിപ്പിനെ പീരുമേട് എഞ്ചിനീയറിംഗ് കോളജിന്റെ പുതിയ ഡയറക്ടറായി പ.ബാവാ തിരുമേനി നിയമിച്ചിട്ടുണ്ട്.

2. പ.ബാവാ തിരുമേനിയുടെ സ്ഥാനാരോഹണ ചടങ്ങ് മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ ഔദ്യോഗികമായി അറിയിക്കാഞ്ഞത് എന്താണ്? പ.പിതാവിന്റെ സ്ഥാനാരോഹണത്തിന് ശേഷം ദേവലോകത്തേക്കുള്ള യാത്രയും അവിടുത്തെ സ്വീകരണവും വളരെ ശോഷിച്ച് പോയതായി മനസ്സിലാക്കുന്നു. ഇതിന് ഉത്തരവാദികൾ ആരാണ്?

കുറഞ്ഞ സമയപരിധിക്കുള്ളിൽനിന്നുകൊണ്ട് സ്ഥാനാരോഹണത്തിന്റെ ക്രമീകരണങ്ങൾ ഭംഗിയാക്കുവാൻ വേണ്ട ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. സ്ഥാനാരോഹണത്തിനുശേഷം ദേവലോകത്തേക്കും, കോട്ടയം പഴയസെമിനാരിയിലേക്കുമുള്ള യാത്ര പ.കാതോലിക്കാ ബാവാ തിരുമേനിയുടെ വ്യക്തിപരമായ താൽപര്യപ്രകാരം പരിശുദ്ധ പിതാക്കന്മാരുടെ കബറിടങ്ങളിൽ ധൂപപ്രാർത്ഥന നടത്തുവാൻ വേണ്ടിയുള്ളതായിരുന്നു. അത് സഭയുടെ ഔദ്യോഗിക സ്വീകരണ പരിപാടിയായിരുന്നില്ല. ഔദ്യോഗിക സ്വീകരണം സംബന്ധിച്ച് ഈ മാനേജിംഗ് കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### കെ.ഒ.വർഗീസ്

പരുമലയിലെ ക്യാൻസർ സെന്റർ പണിക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്. ഈ വർക്കിന് ഏത് രീതിയിലുള്ള പരസ്യമാണ് നൽകി ടെൻഡർ ക്ഷണിച്ചിരുന്നത്?

അറുപത്തിയഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റാണുള്ളത്. വർക്കിന് ടെൻഡർ നൽകികൊണ്ട് പ്രമുഖ ദിനപത്രങ്ങളിലും സഭാ പ്രസിദ്ധീകരണങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്.

### അഡ്വ.ചെറിയാൻ വർഗീസ്

1. തിരുനൽവേലിയിൽ സമുദായ അംഗങ്ങൾ സഭയ്ക്കെഴുതികൊടുത്ത സ്ഥലം അന്യാധീനമായി മറ്റ് ആളുകളുടെ കൈവശത്തിൽ ഇരിക്കുകയാണെന്ന് അറിയാൻ കഴിഞ്ഞു. ഇതു ശരിയാണെങ്കിൽ ആയതിനുള്ള കാരണങ്ങളും ആയത് തിരികെ ലഭിക്കുന്നതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിച്ചു എന്നും അറിയിക്കുമല്ലോ.

ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ പ.സുന്നഹദോസ് നിയമിച്ച കമ്മീഷൻ പ.എപ്പിസ്കോപ്പൽ സുന്നഹദോസിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന്റെയും അതുമായി ബന്ധപ്പെട്ട ബഥേൽ ട്രസ്റ്റിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും സാമ്പത്തിക കാര്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുതകൾ വിശകലനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ പ.സുന്നഹദോസ് തീരുമാനപ്രകാരം കെ.ഡാനിയേൽ, ഡി.വർഗീസ് എന്നിവരെ പ.കാതോലിക്കാ ബാവാ തിരുമേനി കല്പ്പന നൽകി ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. സമുദായകേസിന്റെ വിധി നടത്തു നടപടികൾ എവിടെവരെ ആയി എന്നും അറിയിക്കുമല്ലോ.

പാത്രിയർക്കീസ് വിഭാഗത്തിന്റെ പ്രിലിമിനറി ഒബ്ജക്ഷൻസിനുമേൽ വാദം കേൾക്കുവാൻ ഇരിക്കുന്നു. എന്നാൽ സമാന സ്വഭാവമുള്ള കോതമംഗലം പള്ളി കേസിന്മേൽ ഹൈക്കോടതിയിൽനിന്നും ഒരു തീരുമാനം ഉണ്ടായതിനുശേഷമേ ഈ കേസ് പരിഗണിക്കുകയുള്ളു.

3. സഭയുടെ വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതിൽ നാളിതുവരെ കൂടാതിരുന്ന സബ്കമ്മിറ്റികൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമല്ലോ.

റൂൾസ് കമ്മിറ്റി, വസ്തു സംരക്ഷണ സമിതി എന്നിവ കൂടിയിട്ടില്ല.

### ജി.സാംകുട്ടി

1. വൈദിക ശമ്പള പരിഷ്ക്കരണകമ്മിറ്റിയുടെ മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ 2.07(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും 50-ൽ താഴെ ഇടവകകൾ ഉള്ളതുമായ പള്ളികളിലെ വികാരിമാർക്കുള്ള എസ്.പി.എ. സംബന്ധിച്ച നിർദ്ദേശം ഫൈനൽ റിപ്പോർട്ടിൽ ഇല്ല. എന്തുകൊണ്ട്?

വൈദിക ശുശ്രൂഷക ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് മാനേജിംഗ് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വന്നപ്പോൾ ചില സംഗതികൾ വിശദമാക്കണമെന്ന നിർദ്ദേശം വന്നു. അതിൽ പ്രധാനപ്പെട്ട ഒരു വിഷയം സ്മോൾ പാരീഷ് അലവൻസ് എന്നത് ഏതെല്ലാം ഭദ്രാസനങ്ങളിൽ എപ്രകാരം നടപ്പാക്കണമെന്നതായിരുന്നു. അവികസിത ഭദ്രാസനങ്ങളിൽ ഭാഗികമായ കേന്ദ്ര സബ്സിഡിയോടെ പ്രസ്തുത അലവൻസ് നടപ്പാക്കുന്നതിന് എതിരഭിപ്രായം ഉണ്ടായിരുന്നില്ല. മറ്റു ഭദ്രാസനങ്ങളിലെ അതായത് വികസിത ഭദ്രാസനങ്ങളിലെ വൈദികർക്കു വിവിധ കൂദാശാനുഷ്ഠാനങ്ങളോടു ബന്ധപ്പെട്ട് മറ്റു ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന കാര്യവും പരിഗണനയ്ക്ക് വന്നു. വികസിത ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാരിൽ പലരും അവിടുത്തെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ കേന്ദ്രസഹായം കൂടാതെ ഇപ്രകാരം ഉള്ള ഒരു അലവൻസ് നൽകാൻ സാദ്ധ്യമല്ല എന്ന് ചൂണ്ടിക്കാണിച്ചു. ഇതിനെ സംബന്ധിച്ച് ശമ്പള പരിഷ്കരണ കമ്മിറ്റി ചർച്ച ചെയ്ത് വേണ്ട മാറ്റങ്ങൾ വരുത്താൻ ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത കമ്മിറ്റി കൂടുകയും പ.സുന്നഹദോസിന്റെ അംഗീകാരത്തോടെ താഴെ പറയുന്ന ഭേദതികൾ പദ്ധതിയിൽ വരുത്തുകയും ചെയ്തു.

സ്മോൾ പാരീഷ് അലവൻസ് എന്ന പേര് ആശയക്കുഴപ്പത്തിന് ഇടയാക്കുമെന്നതിനാൽ സ്പെഷ്യൽ അസിസ്റ്റൻസ് എന്ന് ഭേദപ്പെടുത്തി. അവികസിത ഭദ്രാസനങ്ങളിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് സ്പെഷ്യൽ അസിസ്റ്റൻസ് 1250 രൂപ എന്നതും അതിന്റെ പകുതി 625 രൂപ കേന്ദ്ര സബ്സിഡിയായി നൽകണമെന്നും വ്യവസ്ഥ ചെയ്തു. സ്പെഷ്യൽ അസിസ്റ്റൻസ് അവികസിത ഭദ്രാസനങ്ങളിലെ എല്ലാ വൈദികർക്കും നൽകണമെന്നു തീരുമാനിക്കുകയും അതിന് തക്കവണ്ണം ഉപഖണ്ഡിക 2.07 ഭേദപ്പെടുത്തുകയും ചെയ്തു. മറ്റു ഭദ്രാസനങ്ങളിലെ (വികസിത ഭദ്രാസനങ്ങളിലെ) വൈദികർക്ക് ഈ തുക ലഭ്യമല്ല. ഈ തീരുമാനത്തിനുള്ള കാരണങ്ങൾ : മറ്റ് ഭദ്രാസനങ്ങൾക്ക് സബ്സിഡി നൽകാൻ കേന്ദ്രത്തിനുള്ള സാമ്പത്തിക പരിമിതി കാരണം നിർവ്വാഹമില്ല. കൂദാശാ കർമ്മങ്ങൾക്ക് അനുബന്ധമായി അവിടുത്തെ വൈദികർക്ക് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ.

# കൊച്ചമ്മയുടെ വിലാപവും വിശ്വാസികളുടെ പ്രതികരണവും അവസാനിക്കുന്നില്ല.......

## വിശ്വാസിനിയുടെ പ്രതികരണം

ഷിജി കോശി അടൂർ

കെ.റ്റി.മാത്യു കോട്ടയം എഴുതിയ കൊച്ചമ്മ എന്തിനാണ് സങ്കടപ്പെടുന്നത് എന്ന പ്രതികരണം വായിച്ചു. വളരെ രസകരമായിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രതികരണം സംബന്ധിച്ച് ചില ചോദ്യങ്ങൾ കുറിക്കട്ടെ.

1. താങ്കളുടെ ശമ്പളം 8000-ലേറെ എന്നു പറയുന്നു. അത് എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. എത്രയും ആകാം.

2. താങ്കൾ സർക്കാർ സ്ക്കൂളിലാണ് കുട്ടികളെ പഠിപ്പിക്കുന്നതെന്ന് പറഞ്ഞു. ഒരുപക്ഷെ താങ്കൾ ആ സ്ക്കൂളിലെ ഒരു സ്റ്റാഫ് ആയിരിക്കാം, അല്ലെങ്കിൽ തികഞ്ഞ ഒരു കമ്യൂണിസ്റ്റുകാരനായിരിക്കാം.

3. താങ്കളുടെ കുഞ്ഞുങ്ങളെ നല്ല സ്കൂളിൽ പഠിപ്പിക്കാത്തത് ഒന്നുകിൽ താങ്കൽ ഒരു ലുബ്ദ്ധനായിരിക്കാം. അല്ലെങ്കിൽ താങ്കളുടെ കുട്ടികൾക്ക് അത്ര നിലവാരമേ കാണുകയുള്ളു.

4. താങ്കൾ യേശുക്രിസ്തുവിനെ അനുകരിക്കുന്ന ആളെങ്കിൽ പ്രേഷിത പ്രവർത്തനത്തിന് സുവിശേഷവേലയ്ക്ക് ഇറങ്ങിതിരിച്ചുകൂടെ. എന്തിനു പാലിൽ വെള്ളം ചേർത്തു അന്യായമായ ലാഭം ഉണ്ടാക്കുന്നു. അത് യേശുവിന്റെ ഉപദേശങ്ങൾക്ക് വിരുദ്ധമല്ലേ.

5. ഇനി ഇപ്പോൾ കൊച്ചമ്മ പശുവിനെയും കോഴിയേയും വളർത്താമെന്നു ചിന്തിച്ചാൽ കാലിത്തൊഴുത്തിനും കോഴിക്കൂടിനും പശുവിനുംവേണ്ടി ലോൺ എടുക്കേണ്ടിവരും. അതുമല്ല പശുവിനെ വളർത്തുവാൻ ഇടവകക്കാർ കാലിത്തൊഴുത്ത് ഉണ്ടാക്കിതരുമോ? ഒരു ഇടവകയിൽ അഞ്ചുസെന്റ് പാഴ്സനേജിന് നൽകിയ വ്യക്തിയോട് ബന്ധുവായ അച്ചൻ രണ്ടു സെന്റുകൂടി നൽകിക്കൂടെ എന്ന് ചോദിച്ചു. അപ്പോൾ അച്ചനു പശുവിനെ വളർത്തണമോ എന്നായിരുന്നു പ്രതികരണം. ഇന്നത്തെ പാഴ്സനേജുകളൊക്കെ പള്ളിയോട് ചേർന്നാണ്. ഇനി അഥവാ കാലിത്തൊഴുത്തുണ്ടാക്കി പശുവിനെ വളർത്താൻ ശ്രമിച്ചാൽ പിന്നെ ഇടവകക്കാരുടെ പ്രതികരണം എന്തായിരിക്കും. അതുമല്ല നേരം വെളുക്കുന്നതിനു മുമ്പ് പാൽ വാങ്ങിക്കുവാൻ ആൾക്കാരുടെ ക്യൂവായിരിക്കും.

6. അച്ചൻ എന്തെങ്കിലും ജോലി ചെയ്തുകൂടെ എന്നുള്ള ചോദ്യത്തിന് എന്ത് ജോലിയാണ് ചെയ്യേണ്ടത് എന്ന് താങ്കൾ പറഞ്ഞിട്ടില്ല. താങ്കൾക്ക് എന്തു ജോലിയും ചെയ്യാം. അതുപോലാണോ ഒരു വൈദികന്റെ അവസ്ഥ.

7. സഭയുടെ ചിലവെല്ലാം അൽമായരാണ് വഹിക്കുന്നതെന്ന് താങ്കൾ എഴുതി. താങ്കൾ സഭയ്ക്കുവേണ്ടി എത്ര രൂപ നൽകുന്നുണ്ട്. താങ്കൾ ക്രിസ്തുവിന്റെ അനുകാരിയാണെങ്കിൽ എത്രരൂപ മാസം ദശാംശം നൽകുന്നു. 12 വീട്ടുകാരുള്ള ഒരു കൂട്ടായ്മയുടെ ഒരു പാസ്റ്റർ ആൾട്ടോ കാറിലും, ബഹുനില കെട്ടിടത്തിലും ജീവിക്കുന്നു. ഇതിനെക്കുറിച്ച് താങ്കൽക്കൊന്നും പറയാനില്ലേ.

8. സഭ നിലനിൽക്കുന്നത് ആരാധനാ ജീവിതത്തിൽ മാത്രമല്ല സാമൂഹ്യസേവനത്തിലും അധിഷ്ഠിതമാണ്. സാമൂഹ്യസേവനം നിർത്തണമെന്ന് പറഞ്ഞ താങ്കൾ എത്ര രൂപ ചാരിറ്റിക്കു നൽകുന്നുണ്ട്. താങ്കളുടെ പ്രതികരണത്തിൽക്കൂടി എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞത് സ്വന്തം കാര്യം സിന്ദാബാദ് എന്ന മുദ്രാവാക്യമായി ജീവിക്കുന്ന ഒരു സ്വാർത്ഥനാണെന്നാണ്.

9. താങ്കൾ അച്ചന്മാരുമായി സഹകരിക്കുന്ന ഒരു വ്യക്തിയായിരുന്നെങ്കിൽ ഇങ്ങനെയൊരു പ്രതികരണം ഉണ്ടാകുകയില്ലായിരുന്നു. കോട്ടയത്ത് അതായത് ആഡംബര നഗരത്തിൽ താമസിക്കുന്ന ഒരാൾക്ക് ഗ്രാമപ്രദേശങ്ങളിലെ അച്ചന്മാരുടെ പ്രയാസങ്ങളെന്തറിയാം. വാനിറ്റിബാഗും തൂക്കിട്ട് രാവിലെ ആഡംബരകാറുകളിൽ കയറി ക്ലബ്ബുകളിലേക്കും ഹോട്ടലുകളിലേക്കും പോകുന്നവരെ മാത്രം കണ്ടിട്ടുള്ള താങ്കൾ ഇങ്ങനെ പ്രതികരിച്ചതിൽ അത്ഭുതം തോന്നുന്നില്ല. അച്ചന്മാരും കൊച്ചമ്മമാരും ഇതുവരെ ജീവിച്ചതുപോലെ ഇനിയും ജീവിക്കും മാനം വിൽക്കാതെ. അതുകൊണ്ട് ഇനിയെങ്കിലും താങ്കളുടെ പ്രതികരണം ക്രിയാത്മകമായി തീരട്ടെ. പാവപ്പെട്ട അച്ചന്മാരുടെ പ്രവർത്തനവും പ്രാർത്ഥനയും കൊണ്ടാണ് പല വെല്ലുവിളികളുടേയും നടുവിൽ ക്രൈസ്തവ സഭ നിലനിൽക്കുന്നത് എന്ന കാര്യം താങ്കൾ വിസ്മരിക്കരുത്.

## വൈദികശമ്പള പദ്ധതി

സജീവ് കൊല്ലം

മലങ്കരസഭാദീപത്തിലെ 2010 ഒക്ടോബർ 16 -31-ൽ വൈദിക ശമ്പള പദ്ധതിയെക്കുറിച്ച് എഴുതിയ ലേഖനത്തിന്റെ പ്രതികരണം.

ബഹു.അച്ചൻ ഒരു തൂപ്പുകാരിക്ക് (35 വർഷം സേവനമുള്ള) 22000 രൂപയെന്ന് എഴുതിയിരിക്കുന്നു. അത് എവിടെയാണ് ലഭിക്കുന്നതെന്ന് അദ്ദേഹം എഴുതിയിട്ടില്ല. അത് അവിടെ നിൽക്കട്ടെ. 25 വർഷം പഴക്കമുള്ള ഒരു ഹൈസ്ക്കൂൾ അസിസ്റ്റന്റിന് 24000 രൂപ കിട്ടുമായിരിക്കും. ആഴ്ചയിൽ 5 ദിവസം രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണിവരെ ജോലി ചെയ്യുന്ന മറ്റ് യാതൊരു വിധമായ അനാമത്ത് വരവുകളില്ലാതെ കിലോമീറ്ററുകൾ സഞ്ചരിച്ച് യാത്രക്കൂലിയിനത്തിൽ നല്ലൊരു തുക ചെലവാക്കുന്ന അല്ലെങ്കിൽ 2500 രൂപയോളം വാടക കൊടുത്ത് സ്ക്കൂളിനടുത്ത് താമസിക്കുന്ന അനവധി അദ്ധ്യാപകർ ഉണ്ടല്ലോ. എം.എസി. ബി.എഡ് ബിരുദങ്ങൾ ഒക്കെ സമ്പാദിച്ച് മാനേജുമെന്റിന് 5-6 ലക്ഷം രൂപാ കെട്ടിവെച്ചിട്ടാണല്ലോ എയിഡഡ് സ്ക്കൂളിൽ ജോലി കൊടുക്കുന്നത്. എന്നിട്ട് ഡിവിഷൻ നിലനിർത്താൻ സ്കൂളിൽ പിന്നെയും പൈസ ചെലവാക്കേണ്ടിവരുന്നു. ഇനി പി.എസ്.സി. വഴിയാണെങ്കിൽ ജോലി കിട്ടുന്ന ശരാശരി പ്രായം 35 വയസ്സ്. 20 വർഷം കഴിയുമ്പോൾ പെൻഷൻ ആകും.

ഇനി വീട്ടിലെ ടെലഫോൺ ചാർജ്, ഇല്ക്ട്രിസിറ്റി ചാർജ്, വീട്ടുവാടക തുടങ്ങിയവ എല്ലാം ശമ്പളത്തിൽനിന്നും കൊടുക്കേണ്ടിവരുന്നു. സമൂഹത്തിൽ ഉണ്ടാകുന്ന എല്ലാ കാര്യങ്ങൾക്കും സഹകരിക്കേണ്ടിവരുന്നു. ശമ്പളം വർഷം 160000 കഴിയുമ്പോൾ ഇൻകംടാക്സ് വർഷംതോറും രണ്ടുതവണ പ്രൊഫഷണൽ ടാക്സ് എന്നിവ നൽകണം. ഇപ്പോൾ ഐ.റ്റി. കമ്പനികളിൽ ഒക്കെ ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്ക് 60000 മുതൽ മുകളിലോട്ടാണ് ശമ്പളം. സമൂഹത്തിൽ അച്ചന്റെ സ്ഥാനം തൂപ്പുകാരിയേക്കാളും എച്ച്.എസ്.എ., ഐ.റ്റി പ്രൊഫഷണൽ തുടങ്ങിയവരേക്കാൾ മുകളിലല്ലേ. അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി യുവജനപ്രസ്ഥാനം കോൺഫറൻസുകിൽ പറഞ്ഞ ഒരു വാചകം ഓർക്കുകയാണ്. നിങ്ങൾ പണത്തിന് പിറകേ പോകരുത്. പണം നിങ്ങളുടെ പിറകേ വരണം. ആയതുകൊണ്ട് ആത്മാർത്ഥമായി വൈദികവേല ചെയ്യുന്ന പുരേഹിതനായാലും അത്മായനായാലും വിളിച്ച ദൈവം വിശ്വസ്തനാണ് എന്നെ വഴിനടത്തും എന്ന ശുഭാപ്തി വിശ്വാസം ഉണ്ടാകണം. ഇസ്രായേൽ ജനത്തിന് മന്നാ കൊടുത്ത് വഴി നടത്തിയ ദൈവം ആണ് നമ്മുടെ ദൈവം. ഏൽപിച്ച ജോലി ഭംഗിയായി നടത്തുന്നവരെ അവൻ കരുതിക്കോളും.

## കൊച്ചമ്മമാരുടെ വിലാപമെന്തിന്?

ബാബു ജോർജ് ഇടയാടിയിൽ ശ്രീകാര്യം

യേശുക്രിസ്തു ക്രൂശിൽ കിടന്ന് പറഞ്ഞ വാചകമാണ് സ്ത്രീയേ എന്നെ ചൊല്ലി കരയേണ്ടാ നിങ്ങളുടെ മക്കളെ ചൊല്ലി കരവിൻ. ഇത് ഇവിടെ വളരെ അർത്ഥവത്താണ്. കൊച്ചമ്മേ ശമ്പളത്തെചൊല്ലി കരയണ്ടാ നിങ്ങളുടെ ഭർത്താവായ അച്ചനെ ചൊല്ലികരവിൻ.

ശമ്പളവർദ്ധനവിനോടനുബന്ധിച്ച് പരിശുദ്ധ കാതോലിക്കാ ബാവാ ശമ്പളം വർദ്ധിപ്പിക്കുന്നതോടൊപ്പം വൈദികർ ചെയ്യേണ്ട ചില ഉത്തരവാദിത്വങ്ങളും പറഞ്ഞിരുന്നു. അതിൽ മുഖ്യമായിട്ടുള്ളത് എല്ലാ ദിവസവും പള്ളിയിൽ സന്ധ്യാപ്രാർത്ഥന നടത്തണം. ഇടവകയിലെ ഭവനങ്ങൾ ക്രമംതെറ്റാതെ സന്ദർശിച്ച് പ്രാർത്ഥന നടത്തണം. ഇതൊക്കെ ചെയ്യണമെന്ന് കൊച്ചമ്മ അച്ചനോട് ഉപദേശിക്കാറുണ്ടോ? ഇത് നടത്തുന്നുണ്ടോ? പിന്നെ എന്തിന്റെയാണ് വിലാപം.

എന്റെ പള്ളിയിൽ അച്ചന് കൊടുക്കുന്ന കണക്ക് അവതരിപ്പിക്കാം. പ്രതിമാസം അച്ചന് ശമ്പളം കൊടുക്കുന്നതിന് ഭദ്രാസനത്തിൽ അടയ്ക്കുന്നത് 18845 രൂപയാണ്. അച്ചന് നേരിട്ട് ഇടവക കൊടുക്കുന്ന പ്രതിമാസ ചെലവ് യാത്രാപ്പടി അലവൻസ് 2500 (ഇടവകസന്ദർശനത്തിന്). ടെലഫോൺ 500, മലയാളദിനപത്രം 124, കുടിവെള്ളചാർജ്ജ് 50, കറന്റുചാർജ്ജ് 250, പ്രതിമാസം 5000 രൂപാ ലഭിക്കുന്ന വീട് താമസത്തിന്, മൊത്തം 27269 രൂപാ. ഇതിനു പുറമേ മറ്റു വരുമാനങ്ങൾ

25 വർഷം സേവനം പൂർത്തിയാക്കിയ ഒരു ഹൈസ്ക്കൂൾ അദ്ധ്യാപകന് പ്രതിമാസം 25000 രൂപ. അദ്ധ്യാപകൻ തിങ്കൾ മുതൽ വെള്ളിവരെ എല്ലാദിവസവും സ്ക്കൂളിൽ എത്തിയിരിക്കണം. ഇല്ലെങ്കിൽ ശമ്പളത്തിൽ കുറവ്. വൈദികന് ഞായറാഴ്ച രാവിലെ മാത്രം ജോലി.

ബഹുമാനപ്പെട്ട റവ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ അദ്ദേഹത്തിന് പ്രതിമാസം ഭദ്രാസനത്തിൽനിന്നും ഇടവക പള്ളിയിൽനിന്നും മറ്റു സംരംഭങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം സത്യസന്ധമായി മലങ്കരസഭാദീപത്തിൽ എഴുതട്ടെ. നമുക്ക് ഒരു വൈദികന് ലഭിക്കുന്ന വരുമാനം അറിയാമല്ലോ.

കൊച്ചമ്മ അറിഞ്ഞല്ലോ ഒരു അച്ചന്റെ ഏകദേശ വരുമാനം. ഇതിന്റെ പകുതി എങ്കിലും സ്വന്ത ഭർത്താവായ അച്ചന് ലഭിക്കും. അത് വീട്ടിൽ എത്തുന്നില്ല. എങ്കിൽ കൊച്ചമ്മ സങ്കടപ്പെട്ടേ മതിയാവൂ.

ഇന്ന് പല വൈദികരും സ്വത്തുക്കൾ വാരിക്കൂട്ടുന്നുണ്ട്. യേശുക്രിസ്തു അനുഭവിച്ച ത്യാഗത്തിന്റെ വഴിയാണ് വൈദിക കുടുംബം എന്ന് മനസ്സിലാക്കിയിട്ടുവേണം മുന്നിട്ടിറങ്ങുവാൻ. ഇഷ്ടംപോലെ കാശുവാരാൻ ഉള്ള വഴിയാണ് വൈദികൻ എന്ന കാഴ്ചപ്പാട് ഇന്ന് സമൂഹത്തിൽ വളർന്ന് പന്തലിച്ചിരിക്കുകയാണ്. കൊച്ചമ്മമാരുടെ പ്രോത്സാഹനം കൂടി ആകുമ്പോൾ ഇന്ന് വൈദിക ശുശ്രൂഷ കുറഞ്ഞു. ലൗകീക ശുശ്രൂഷ കൂടി.

പ്രതീക്ഷയ്ക്ക് ഒത്ത് ജീവിതം മുന്നോട്ട് പോകാൻ പറ്റുന്നില്ലെങ്കിൽ വൈദിക കുടുംബമായാലും തകരാൻ സാധ്യത വളരെ കൂടുതലാണ്.

# പ.പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും തിരുശേഷിപ്പ് പ്രതിഷ്ഠാപനവും

നെല്യാടി : കർണ്ണാടക സൗത്ത് കാനറായിലെ ബ്രഹ്മവാർ ഭദ്രാസനത്തിൽപ്പെട്ട നെല്യാടി സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നവംബർ 4,5 തീയതികളിൽ പ.പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും തിരുശേഷിപ്പ് പ്രതിഷ്ഠാപനവും ബ്രഹ്മവാർ ഭദ്രാസന മെത്രാപ്പോലീത്താ യാക്കോബ് മാർ ഏലിയാസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും അനേക വൈദികരുടെ സാന്നിധ്യത്തിലും ഭക്തിപുരസ്സരം നടത്തപ്പെട്ടു. പ.ബാവാ തിരുമനസ്സിലെ കല്പന പ്രകാരം ഒക്ടോബർ 26-ാം തീയതി സന്ധ്യാനമസ്ക്കാരത്തിനുശേഷം യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യൂഹാനോൻ മാർ പോളീകാർപ്പോസ് എന്നീ തിരുമേനിമാരിൽനിന്നും പരുമല തിരുമേനിയുടെ തിരുശേഷിപ്പ് വികാരി ഫാ.എം.സി.മത്തായി പരുമലയിൽനിന്നും ഏറ്റുവാങ്ങി. തിരുശേഷിപ്പ് പ്രതിഷ്ഠാപനം ഈ ദേശത്തിന് അനുഗ്രഹമാകട്ടെ എന്ന് ആശംസിച്ച ഭദ്രാസന മെത്രാപ്പോലീത്താ പെരുന്നാൾ ഏറ്റെടുത്ത് നടത്തുന്നവർ ദശാംശം കാരുണ്യപ്രവർത്തനങ്ങൾക്ക് കൊടുക്കണമെന്നും പ്രബോധിപ്പിച്ചു. ആയിരക്കണക്കിന് ഭക്തജനങ്ങൾ പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹീതരായി.

തിരുശേഷിപ്പ് പ്രതിഷ്ഠിക്കുവാൻ അനുവദിച്ച പ.ബാവാ തിരുമേനിയോടും പ.സുന്നഹദോസിനോടും മുൻ അവിഭജിത ബാംഗ്ലൂർ ഭദ്രാസനാധിപൻ ഏബ്രഹാം മാർ എപ്പിഫാനിയോസ് തിരുമേനിയോടും പ്രിൻസിപ്പൽ സെക്രട്ടറി സഖറിയാ മാർ അപ്രേം തിരുമേനിയോടും ഭദ്രാസന മെത്രാപ്പോലീത്താ യാക്കോബ് മാർ ഏലിയാസ് തിരുമേനിയോടും ഉള്ള നന്ദി വികാരി രേഖപ്പെടുതത്തി. എം.റ്റി.മോൻസി മഠത്തിലേത്ത് പെരുന്നാൾ ഏറ്റെടുത്ത് നടത്തി. വികാരി ഫാ.എം.സി.മത്തായി, ട്രസ്റ്റി സിജു വർഗീസ്, സെക്രട്ടറി ലൂയിസ് വർഗീസ് എന്നിവർ പെരുന്നാളിന് നേതൃത്വം നൽകി.

# മാർ മക്കാറിയോസ് അവാർഡ്

നിസ്വാർത്ഥ സേവനം നടത്തുന്നവർക്കായി മക്കാറിയോസ് ഫൗണ്ടേഷൻ നൽകുന്ന പതിനായിലം രൂപയുടെ അവാർഡ് ഈ വർഷം ചെങ്ങന്നൂർ ഭദ്രാസനത്തിൽപ്പെട്ട കുടശ്ശനാട് ഇടവകാംഗവും അടൂർ ഗവൺമെന്റ് ആശുപത്രിയിലെ നേഴ്സിംഗ് വിദ്യാർത്ഥിയുമായ ജാസ്മിൻ ജോസിന് ലഭിച്ചു.

ഫൗണ്ടേഷൻ ഭാരവാഹികൾ കുടശ്ശനാട് പള്ളിയിൽവെച്ച് വി.കുർബ്ബാനയ്ക്കു ശേഷം ഈ അവാർഡ് സമ്മാനിക്കുകയുണ്ടായി.

# വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**മിസിസ് കുര്യൻ കോട്ടയം**

# നൂറുവർഷം പൂർത്തിയാക്കിയ പാമ്പാക്കുട നമസ്ക്കാരം.... പേജ് 1-ൽനിന്ന്

ആ സാഹചര്യത്തിലാണ് സാധാരണ വിശ്വാസികൾക്ക് നിത്യവും പ്രാർത്ഥിക്കാൻ ഒരു പ്രാർത്ഥനാപുസ്തകവുമായി (പാമ്പാക്കുട നമസ്ക്കാരം) 1910-ൽ കോനാട്ട് മാത്തൻ മല്പാൻ വരുന്നത്.

### മാത്തൻ മല്പാനും പാമ്പാക്കുട നമസ്ക്കാരവും

മലങ്കര മല്പാന്മാരുടെ ഗണത്തിൽ അഗ്രഗണ്യനാണ് കോനാട്ട് മാത്തൻ മല്പാൻ (ഇപ്പോഴത്തെ വൈദികട്രസ്റ്റി ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ടിന്റെ വല്യപ്പൻ). സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യം നേടിയ ആളായിരുന്നു അദ്ദേഹം. പരുമല തിരുമേനിയുടെ ശിഷ്യനായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം വൈദികസെമിനാരി മല്പാനായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം വൈദികട്രസ്റ്റി ആയിരുന്നു. വട്ടശ്ശേരിൽ തിരുമേനിയെ 1911-ൽ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയതോടെ സമുദായം രണ്ടായി പിളർന്നപ്പോൾ മാത്തൻമല്പാൻ പാത്രിയർക്കീസ് കക്ഷിയിലായി. വട്ടശ്ശേരിൽ തിരുമേനിയുടെ ശക്തനായ എതിരാളിയുമായി. സമുദായകേസിൽ പാത്രിയർക്കീസന്മാരുടെ വലംകയ്യും പാത്രിയർക്കീസ് കക്ഷിയുടെ അനിഷേധ്യ നേതാവും പ്രബലനായ വക്താവുമായിരുന്നു കോനാട്ട് മാത്തൻ മല്പാൻ (ബോക്സ് കാണുക)

സുറിയാനി ശ്ഹീമാനമസ്ക്കാരം (വൈദികരുടെ കാനോനാനമസ്ക്കാരം) ക്രോഡീകരിച്ചിട്ടുള്ളത് സങ്കീർത്തനങ്ങൾ, പ്രാർത്ഥനകൾ, അപേക്ഷകൾ, ദൈവമാതാവിനോടും പരിശുദ്ധാത്മാവിനോടുമുള്ള മദ്ധ്യസ്ഥപ്രാർത്ഥനകൾ, ബോവൂസോകൾ എന്നീ ക്രമത്തിലാണ്. മൂന്നും നാലും നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന മാർ അപ്രേം, മാർ യാക്കോബ്, മാർ ബാലായ് തുടങ്ങിയവരും അതിനു ശേഷം ജീവിച്ചിരുന്നവരുമായ പുണ്യപിതാക്കന്മാരും പരിശുദ്ധന്മാരുമായ പിതാക്കന്മാർ രചിച്ച പ്രാർത്ഥനകൾ ഉൾക്കൊള്ളുന്നതാണ് സുറിയാനി കാനോന നമസ്ക്കാരം. അതിൽനിന്ന് അനുയോജ്യമായ ഭാഗങ്ങൾ തെരഞ്ഞെടുത്ത് യുക്തമായി ചേർത്ത് പരിഭാഷപ്പെടുത്തിയാണ് മാത്തൻ മല്പാൻ പാമ്പാക്കുട നമസ്ക്കാരം ക്രോഡീകരിച്ചെടുത്തത്. ആദ്യം പരിഭാഷപ്പെടുത്തി മലയാളത്തിൽ ഒരു പ്രാർത്ഥനാക്രമമുണ്ടാക്കി. എന്നിട്ടത് സുറിയാനിയിലാക്കി. അന്ന് മലങ്കരയിൽ എഴുന്നള്ളി താമസിച്ചിരുന്ന പ.അബ്ദള്ള ദ്വിതീയൻ പാത്രിയർക്കീസ് ബാവായെ കാണിച്ചു. അദ്ദേഹം അത് വായിച്ച് പരിശോധിച്ച് പ്രസിദ്ധീകരിക്കാൻ അനുവാദം നൽകി.

"........ജനങ്ങൾക്ക് ജനങ്ങൾക്ക് ഇക്കാലത്തു സുറിയാനി ഭാഷ അറിയാൻ പാടില്ലാത്തതിനാൽ പള്ളിയിൽ പട്ടക്കാർ പാടുകയും വായിക്കുകയും ചെയ്യുന്ന പ്രാർത്ഥനകളുടെ രസം അവർ അറിയാതെ പോകുന്നു. ആയതുകൊണ്ട് ഈ ദേശത്തെ ഭാഷ ഉന്നതി പ്രാപിക്കുന്നതുവരെ ഉപയോഗിപ്പാനായിട്ട് ടി.പ്രാർത്ഥനാക്രമത്തെ അച്ചടിപ്പിച്ചു ജനങ്ങൾക്കു കൊടുപ്പാൻ നാം അവനോട് അനുവദിച്ചിരിക്കുന്നു....." എന്നാണ് അനുവാദകല്പനയിൽ പാത്രിയർക്കീസ് പറഞ്ഞിരിക്കുന്നത്. 1910 ഇടവം 30ന് ചെറായി പള്ളിയിൽനിന്നാണ് പാത്രിയർക്കീസ് ബാവാ കല്പന എഴുതിയിരിക്കുന്നത് (ബോക്സ് കാണുക).

അനുവാദം ലഭിച്ച നമസ്ക്കാരക്രമം ഉടനെതന്നെ മുളന്തുരുത്തി സെന്റ് തോമസ് പ്രസ്സിൽ അച്ചടിപ്പിച്ച് മാത്തൻ മല്പാൻ പ്രസിദ്ധീകരിച്ചു.

എല്ലാദിവസവും സന്ധ്യാ, പ്രഭാതം തുടങ്ങി അതത് യാമങ്ങളിൽ ഉപയോഗിക്കുവാനുള്ള പ്രാർത്ഥനകൾ, ഓരോ ദിവസത്തെയും പ്രാധാന്യം മനസ്സിലാക്കി അതത് ദിവസങ്ങളിൽ ഉപയോഗിക്കാനുള്ള പ്രാർത്ഥനകൾ, പെരുന്നാൾ ദിവസങ്ങൾക്കും നോമ്പുകാലങ്ങൾക്കും ഉപയോഗിക്കാനുള്ള പ്രത്യേക പ്രാർത്ഥനകൾ, രഹസ്യപ്രാർത്ഥനകൾ, സന്ദർഭോചിത പ്രാർത്ഥനകൾ എന്നിവയെല്ലാം വിസ്തൃതമായ സുറിയാനി ആരാധനാപാരമ്പര്യത്തിൽനിന്ന് തെരഞ്ഞെടുത്ത് പരിഭാഷപ്പെടുത്തി പുസ്തകത്തിൽ ചേർക്കുവാൻ മാത്തൻ മല്പാന് സാധിച്ചു. അദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകത്തിൽ അനുതാപത്തിന്റെ മസ്മൂറാകളും ഗീതങ്ങളും പെരുന്നാളുകളുടെ പട്ടികയും ചേർത്തിട്ടുണ്ട്. ഈ പുസ്തകം മലങ്കരസഭയുടെ ഒരു അമൂല്യനിധിതന്നെയാണ് എന്നതിനു സംശയമില്ല.

### പാമ്പാക്കുട നമസ്ക്കാരത്തിൽ ചേർത്തിരിക്കുന്ന പ.പാത്രിയർക്കീസ് ബാവായുടെ കല്പന

ക്രിസ്താബ്ദം 1910 ഇടവം 30ന് ശ്രായിപള്ളിയിൽനിന്നു 42-ാം നമ്പരായി എഴുതിയിട്ടുള്ള ഈ കല്പന ഈ നമസ്ക്കാരപുസ്തകത്തിന്റെ ആദ്യത്തെ പതിപ്പിനു അന്ത്യോഖ്യായുടെ നി.വ.ദി.മ.ശ്രീ.മാറാൻമാർ അബ്ദുള്ള പാത്രിയർക്കീസു ബാവാ തിരുമേനിയിൽനിന്നും ലഭിച്ചിട്ടുള്ളതും ആദ്യപതിപ്പിൽ ചേർത്തിട്ടുള്ളതുമാകുന്നു.

സർവ്വശക്തനായി സാരാംശപൂർണ്ണനായിരിക്കുന്ന ആദ്യന്തമില്ലാത്ത സ്വയംഭൂവിന്റെ തിരുനാമത്തിൽ തനിക്കു സ്തുതി. അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ രണ്ടാമത്തെ അബ്ദെദാലോഹൊ ആകുന്ന ബലഹീനനായ

ഇഗ്നാത്തിയോസ് പാത്രിയർക്കീസ്

(മുദ്ര)

നമ്പർ 42

മാർ തോമ്മാശ്ലീഹായുടെ ഇടവകയിലുള്ള നമ്മുടെ അനുഗ്രഹിക്കപ്പെട്ട പ്രിയപുത്രന്മാരായ പട്ടക്കാരുടെമേലും ശെമ്മാശ്ശന്മാരുടെമേലും ശേഷം ജനങ്ങളെല്ലാവരുടെമേലും ദൈവികകൃപയും സ്വർഗ്ഗീയവാഴ്‌വും വന്നു വസിക്കുമാറാകട്ടെ. കർത്താവിന്റെ വാഴ്‌വ് ദൈവമാതാവായ വി.കന്യകമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ അവരുടെമേൽ ഇരിക്കുമാറാകട്ടെ. ആമീൻ.

അനന്തരം നിങ്ങളുടെ സ്നേഹത്തോടും നാം അറിയിക്കുന്നതു എന്തെന്നാൽ നമ്മുടെ പുത്രനായ മലങ്കരയുടെ മല്പാൻ കാശ്ശീശാ മത്തായി അത്തേമികളുടെ വകക്കായിട്ടു ഒരു പ്രാർത്ഥനാക്രമം ദൈവമാതാവിനോടും പരിശുദ്ധന്മാരോടും ഉള്ള പ്രാർത്ഥനകളും അനുതാപത്തിന്റെ പ്രാർത്ഥനകളും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും മറ്റും എടുത്തുചേർത്തു ക്രമപ്പെടുത്തി മലയാളഭാഷയിൽ എഴുതിയുണ്ടാക്കുകയും അതിനെ സുറിയാനിഭാഷയിലാക്കി നമ്മുടെ മുമ്പാകെ കൊണ്ടുവന്നു കാണിക്കുകയും ചെയ്തു. നാം വായിച്ചു പരിശോധിച്ചതിൽ അത് അത്തേമികൾക്കു പ്രാർത്ഥിപ്പാൻ നല്ലതാണെന്നു കണ്ടിരിക്കുന്നു. എന്തെന്നാൽ ജനങ്ങൾക്ക് ഇക്കാലത്തു സുറിയാനി ഭാഷ അറിയാൻ പാടില്ലാത്തതിനാൽ പള്ളിയിൽ പട്ടക്കാർ പാടുകയും വായിക്കുകയും ചെയ്യുന്ന പ്രാർത്ഥനകളുടെ രസം അവർ അറിയാതെ പോകുന്നു. ആയതുകൊണ്ട് ഈ ദേശത്തെ ഭാഷ ഉന്നതി പ്രാപിക്കുന്നതുവരെ ഉപയോഗിപ്പാനായിട്ട് ടി.പ്രാർത്ഥനാക്രമത്തെ അച്ചടിപ്പിച്ചു ജനങ്ങൾക്കു കൊടുപ്പാൻ നാം അവനോട് അനുവദിച്ചിരിക്കുന്നു. നമ്മുടെ കല്പന പ്രകാരം പുസ്തകം അച്ചടിപ്പിച്ചു തുടങ്ങുകയും ചെയ്തു. ആയതുകൊണ്ട് ജനങ്ങളിൽ ഓരോരുവൻ ഓരോ പുസ്തകം വാങ്ങി അതിൻപ്രകാരം പ്രാർത്ഥിക്കണമെന്ന് നാം നിങ്ങളെല്ലാവരോടും ആജ്ഞാപിക്കുന്നു. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരെയും കാത്തുകൊള്ളുമാറാകട്ടെ.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ......

ക്രിസ്താബ്ദം 1910 ഇടവം 30ന് ശ്രായി പള്ളിയിൽനിന്ന്

### കോനാട്ടു മാത്തൻ മല്പാൻ (1860-1927)

1860-ൽ ജനിച്ച് 1927-ൽ നിര്യാതനായ കോനാട്ട് മാത്തൻ മല്പാനെക്കുറിച്ച് രണ്ടു കാര്യങ്ങൾ പറയാൻ സാധിക്കും. ഒന്ന് അദ്ദേഹം സുറിയാനി ഭാഷയിൽ അഗാധമായ പാണ്ഡിത്യം നേടിയ ആളായിരുന്നു. പഴയ സെമിനാരിയിൽ സുറിയാനി മല്പാനായിരുന്നു. പാമ്പാക്കുടയിൽ വൈദിക വിദ്യാർത്ഥികളെ അഭ്യസിപ്പിച്ചു. 1890-ൽ പുലിക്കോട്ടിൽ ദീവന്നാസിയോസ് മലങ്കര മല്പാൻ സ്ഥാനം നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ സുറിയാനി പാണ്ഡിത്യത്തെ പ.അപ്രേം പാത്രിയർക്കീസ് ഉൾപ്പെടെയുള്ള അനേക പിതാക്കന്മാർ അറിഞ്ഞ് ആദരിച്ചു. പാമ്പാക്കുടനിന്ന് സുറിയാനിയിൽ "സീമാസ്ഹായേ" എന്നും മലയാളത്തിൽ "ജീവനിക്ഷേപം" എന്നുമുള്ള പേരുകളിൽ മാസികകൾ പ്രസിദ്ധീകരിച്ചു.

വി.കുർബ്ബാനക്രമം, വെളിപാട് പുസ്തകം ഒഴികെയുള്ള പുതിയനിയമത്തിലെ എല്ലാ പുസ്തകങ്ങളും, ദൈവമാതാവിന്റെ ജീവചരിത്രം, വി.മത്തായിശ്ലീഹാ എഴുതിയ ഏവൻഗേലിയോന്റെ മൂന്നുവാല്യങ്ങൾ തുടങ്ങിയവയും സുറിയാനിയിൽനിന്ന് വിവർത്തനം ചെയ്യുകയും വേദപുസ്തക വ്യാഖ്യാനങ്ങൾ ഉൾപ്പെടെ അനേക ലേഖനങ്ങളും എഴുതുകയും ചെയ്തിട്ടുണ്ട്. രണ്ടാമത് അദ്ദേഹം കറ തീർന്ന അന്ത്യോഖ്യൻ ഭക്തനായിരുന്നു. പാത്രിയർക്കീസ് വിഭാഗത്തിന്റെ ഭാഷയിൽ പറഞ്ഞാൽ സത്യവിശ്വാസസംരക്ഷകൻ. വട്ടശ്ശേരിൽ തിരുമേനിയുടെ ഏറ്റവും ശക്തനായ എതിരാളിയായിരുന്നു അദ്ദേഹം. 1912 മുതലുള്ള സമുദായകേസുകളിൽ പാത്രിയർക്കീസ് വിഭാഗത്തിന് ശക്തിയും ഊർജ്ജവും ഉപദേശവും പകർന്നുകൊടുത്തത് കോനാട്ട് മാത്തൻ മല്പാനായിരുന്നു.

"1926-ൽ പ.പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കരിങ്ങാശ്ര പള്ളിയിൽവെച്ച് കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി. പ.പാത്രിയർക്കീസ് ബാവാ അയച്ചുകൊടുത്ത കുരിശും മാലയുമാണ് തദവസരത്തിൽ അണിയിച്ചത്. ചില പ്രത്യേക അവകാശങ്ങളും ചിഹ്നവും മാത്തൻ മല്പാന് നൽകിയിരുന്നു. മേൽപട്ടക്കാരുടേതിന് അനുരൂപമായ ഒരു മുടിയും (മത്തങ്ങതൊപ്പി) വൈദികർ വി.കുർബ്ബാന അർപ്പിക്കുമ്പോൾ മേൽപട്ടക്കാർ സന്നിഹിതരാണെങ്കിൽ അനുവർത്തിക്കാറുള്ള എല്ലാ കർമ്മങ്ങളും അതുപോലെ നിർവ്വഹിക്കുവാനുള്ള അനുവാദവും നൽകിയതിനുപുറമേ കുക്കിലിയോൻ ചൊല്ലുമ്പോൾ വടി ഉപയോഗിക്കുവാനും കാൽകഴുകൽ ശുശ്രൂഷ നിർവ്വഹിക്കുവാനും പ.പാത്രിയർക്കീസ് ബാവാ കോനാട്ട് മാത്തൻ മല്പാന് പ്രത്യേക അനുമതി നൽകിയിരുന്നു. 1927 നവംബർ 8ന് കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പാ ദിവംഗതനായി, പാമ്പാക്കുട വലിയ പള്ളിയിൽ കബറടക്കപ്പെട്ടു".

# കൊട്ടാരക്കര കൺവൻഷൻ 2011 ഒരുക്കങ്ങൾ പൂർത്തിയാകുന്നു

മലങ്കര ഓർത്തഡോക്സ് സഭയുടെ അതിപുരാതന കൺവൻഷനുകളിൽ ഒന്നായ കൊട്ടാരക്കര കൺവൻഷൻ 2011 ജനുവരി 23 മുതൽ 31 വരെ തീയതികളിൽ കൊട്ടാരക്കര മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സെന്റർ ഗ്രൗണ്ടിൽവെച്ച് നടക്കുന്നു. പകാതോലിക്കാ ബാവാ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ തിരുമേനി ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ കൊട്ടാരക്കര-പുനലൂർ ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ തേവോദോറോസ് അദ്ധ്യക്ഷത വഹിക്കും. കൊല്ലം ഭദ്രാസനാധിപൻ സഖറിയാ മാർ അന്തോണിയോസ് ആശംസ അർപ്പിക്കും. പ്രൊഫ. ജോൺ മാത്യൂസ് വചന ശുശ്രൂഷ നിർവ്വഹിക്കും. ഫാ.അലക്സ് പി.സഖറിയാ പ്രസംഗിക്കും.

തുടർന്നുള്ള ദിവസങ്ങളിലെ വൈകിട്ടുള്ള യോഗത്തിൽ ഫാ.ഫിലിപ്പ് തരകൻ, ഫാ.തോമസ് അമയിൽ, ഡോ.യൂഹാനോൻ മാർ മിലിത്തിയോസ്, ഫാ.വർഗീസ് വർഗീസ്, ഫാ.ഡോ.ഒ.തോമസ്, ഫാ.ജോസഫ് സാമുവൽ കറുകയിൽ എന്നിവർ പ്രസംഗിക്കും.

വൈദികയോഗത്തിന് ഫാ.ഡോ.റെജി മാത്യൂസ് ക്ലാസ്സ് എടുക്കും. സ്ത്രീസമാജത്തിന് മായാ സൂസൻ ജേക്കബ് (ട്രാഡാ) നേതൃത്വം നൽകും.

വെള്ളിയാഴ്ച പകൽ നടക്കുന്ന സുവിശേഷ സംഘം മദ്ധ്യസ്ഥ പ്രാർത്ഥനാ സമ്മേളനത്തിൽ ഫാ.ഡോ.റ്റി.ജെ.ജോഷ്വാ ക്ലാസ്സെടുക്കും. ഡോ.യൂഹാനോൻ മാർ തേവോദോറോസ് അനുഗ്രഹപ്രഭാഷണം നടത്തും. പി.എം.ജോൺ കോർഎപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ഫാ.ജോൺസൺ മുളമൂട്ടിൽ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകും.

ശനിയാഴ്ച നടക്കുന്ന യുവജന സംഗമത്തിൽ ഡോ.യൂഹാനോൻ മാർ തേവോദോറോസ് അദ്ധ്യക്ഷത വഹിക്കും. ഫാ.ഐസക് ബി.പ്രകാശ് ക്ലാസ്സെടുക്കും. ഫാ.ഫിലിപ്പ് മാത്യു ആശംസ അർപ്പിക്കും.

സമാപന ദിവസം ഞായറാഴ്ച രാവിലെ ഡോ.യൂഹാനോൻ മാർ തേവോദോറോസ് വി.കുർബ്ബാന അർപ്പിക്കും. സമാപന സമ്മേളനത്തിൽ പ്രൊഫ.പി.കെ.കുര്യൻ പ്രസംഗിക്കും. തുടർന്ന് സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനം.

ഫാ.കെ.ഗീവർഗീസ് ചെങ്ങമനാട് ജനറൽ കൺവീനർ, കോശി ഉമ്മൻ കിഴക്കടത്ത് സെക്രട്ടറി, ജേക്കബ് ജോർജ് പാലക്കോട്ട് ട്രഷറർ, മാത്യു വർഗീസ് ജോ.സെക്രട്ടറി എന്നിവർ ഈ വർഷത്തെ കൺവൻഷന് നേതൃത്വം നൽകും.

# സഭാതർക്കം ..... പേജ് 1-ൽനിന്ന്

കോടതിയിൽ എഴുപതോളം കേസുകൾ ഇപ്പോൾ നിലവിലുണ്ട്. ഹൈക്കോടതിയിൽ എഴുപത് അപ്പീലുകളുമുണ്ട്. മറ്റ് വിവിധ കോടതികളിലായി നൂറിലധികം കേസുകൾ നിലവിലുണ്ട്. ഇരുകക്ഷികൾക്കും കോടിക്കണക്കിനു രൂപാ സഭാകേസുകൾക്ക് ചെലവാകുന്നതിനു പുറമേ സർക്കാരിന്റെ നീതിന്യായ സംവിധാനത്തിനും, ക്രമസമാധാന പാലനത്തിന് പോലീസിനെ നിയോഗിക്കുന്നതിലൂടെയും ലക്ഷക്കണക്കിനു രൂപയാണ് ഓർത്തഡോക്സ്-യാക്കോബായ തർക്കത്തിനുവേണ്ടി ഇപ്പോൾ ചെലവായിക്കൊണ്ടിരിക്കുന്നത്. ഒന്നുകിൽ യോജിച്ചുപോകുക അല്ലെങ്കിൽ വിഭജിച്ചുപിരിയുക ഇതിനു രണ്ടിനും തയ്യാറല്ലെങ്കിൽ കോടതിവിധികൾ അനുസരിക്കാനെങ്കിലും ഇരുകൂട്ടരും തയ്യാറാകണം.

## ശുശ്രൂഷകർ അറിയാൻ

# ശുശ്രൂഷയുടെ മാഹാത്മ്യവും ധർമ്മങ്ങളും...കഴിഞ്ഞലക്കം തുടർച്ച

ഫാ.യൂഹാനോൻ തിരുവനന്തപുരം

### 5. ദൈവജനത്തിന്റെ നേതാവ്

ദൈവീക കർമ്മങ്ങളിലേക്ക് ഏറ്റവും സജീവമായി ദൈവജനത്തെ പങ്കെടുപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയാണ് ശുശ്രൂഷകരുടെ പരമവും പ്രധാനവുമായ കടമ. ശുശ്രൂഷകൻ ജനത്തിന്റെ നേതാവാണ്. ഒരു നേതാവിന്റെ ഉത്തമ ഗുണങ്ങളായ ഉത്സാഹം, സേവനസന്നദ്ധത, ലക്ഷ്യബോധം തുടങ്ങിയവ ഒരു ശുശ്രൂഷകൻ കൈമുതലാക്കണം. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണയും യാചിക്കണം. നാം നല്ല വണ്ണം നിൽക്കണം, നാം അട്ടഹസിച്ച് പറയണം, ഭയത്തോടും വിറയലോടും നാം സൂക്ഷിക്കണം ഇങ്ങനെ ഒട്ടനവധി ആഹ്വാനങ്ങൾ നൽകുന്ന ശുശ്രൂഷകൻ ദൈവജനത്തിന്റെ നേതാവെന്ന സത്യം അരക്കിട്ടുറപ്പിക്കുന്നു.

### 6. ദൈവത്തിന്റെ മാലാഖമാർ

ദൈവത്തിന്റെ മാലാഖമാരുടെ സ്ഥാനമാണ് ഒരു ശുശ്രൂഷകന് ലഭ്യമായിരിക്കുന്നത്. സ്വർഗ്ഗീയ ജറുസലേമിനെയും ഭൗതികജെറുലസലേമിനെയും പുരോഗഹിതനെയും ജനത്തെയും മദ്ബഹായെയും ഹൈക്കലായെയും സ്വർഗ്ഗത്തെയും ഭൂമിയേയും ബന്ധിപ്പിക്കുന്ന കണ്ണിയാണ്, മാലാഖയാണ് ഒരു ശുശ്രൂഷകൻ. ഒരു ശുശ്രൂഷകൻ ദൈവത്തിന്റെ മാലാഖയെന്ന് വിളിക്കപ്പെടുമ്പോൾ ഒരു മാലാഖയുടെ ദൗത്യങ്ങളും എന്തൊക്കെയെന്ന് മനസ്സിലാക്കണം.

1. ദൈവഹിതം അറിയിക്കുന്ന മാലാഖയാണ് ഒരു ശുശ്രൂഷി (സംഖ്യ.22, ഉല്പ.22:11-18, പുറ.3:2, ലൂക്കോ.1:5-20, ലൂക്കോ.1:26-38, ലൂക്കോ.2:8-14) പഴമവായന, ലേഖനവായന, ഇടവായന, ലുത്തിനിയാകൾ എന്നിവയിലൂടെയെല്ലാം ഒരു ശുശ്രൂഷി ദൈവഹിതം ജനങ്ങളെ അറിയിക്കുന്നു.

2. ശാന്തിദായകരായ മാലാഖമാരാണ് ശുശ്രൂഷകർ (ലൂക്കോ.1:28, അപ്പോ.പ്രവ.5:19, ഉല്പ.16:7-12). ദൈവം നൽകുന്ന സ്വർഗ്ഗീയ സമാധാനം പുരോഹിതനിൽനിന്നു കൈമാറി ജനത്തിന്റെ പക്കൽ എത്തിക്കുന്ന ശുശ്രൂഷകൻ സമാധാനം പകരുന്ന മാലാഖയാണ്.

3. മശിഹായുടെ ശുശ്രൂഷകരായ മാലാഖമാർ (മത്താ.2:11, ലൂക്കോ.22:43). കൂദാശാനുഷ്ഠാനങ്ങളിൽ ആത്മാർത്ഥമായി സഹായിക്കുന്ന ശുശ്രൂഷകർ അതുവഴി യഥാർത്ഥ മന്ദിരവും ബലിപീഠവും കുർബ്ബാനയുമായ ക്രിസ്തുവിനെയാണ് ശുശ്രൂഷിക്കുന്നത്. മണ്ണിന്റെയും വിണ്ണിന്റെയും പ്രതിനിധികളായി നിന്നുകൊണ്ട് അവർ ദൈവത്തെ ശുശ്രൂഷിക്കുകയാണ് ചെയ്യുന്നത്.

4. ദൈവാരാധന നടത്തുന്ന മാലാഖമാർ (വെളി.4:8, യെശ.6:2-4, യെഹ.3:1-2). ദൈവത്തെ നിരന്തരമായി ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്ന മാലാഖമാരെപ്പോലെ ഒരു ശുശ്രൂഷകനും ആ നിലയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു.

5. ദൈവേഷ്ടം അനുസരിക്കുന്ന മാലാഖമാർ (മത്താ.6:10) മാലാഖമാർ സ്വന്തം ഇഷ്ടം അനുസരിച്ചല്ല അവരുടെ കർത്തവ്യങ്ങൾ പൂർത്തിയാക്കുന്നത്. അതിനവർക്ക് അവകാശവുമില്ല. ദൈവീക ഇഷ്ടമാണ് അവർ നിർവ്വഹിക്കുന്നത്. അതുപോലെ ശുശ്രൂഷകരും സ്വന്തഹിതമനുസരിച്ച് അവരവർക്കിഷ്ടമുള്ള കർത്തവ്യങ്ങൾ തെരഞ്ഞെടുക്കാതെ അത് പുരോഹിതന്റെ ഹിതാനുസരണം പ്രവർത്തിക്കണം. പുരോഹിതന്റെ ആജ്ഞ പാലിക്കുന്നതുവഴി ദൈവഹിതമാണ് നിറവേറ്റുന്നത്.

### 7. ദൈവരാജ്യത്തിന്റെ സേവകർ

ദൈവം എല്ലാവരെയും തന്റെ പരിചാരകന്മാരായി വിളിക്കാറില്ല. തനിക്ക് ഇഷ്ടമുള്ളവരെയാണ് ദൈവം തന്റെ ശുശ്രൂഷകരായി വിളിക്കുന്നത്. അത് ദൈവം നൽകുന്ന വലിയൊരു സമ്മാനമാണ്. ദൈവരാജ്യത്തിന്റെ ശുശ്രൂഷകർ ദൈവവുമായി സഹകരിക്കുന്നവരാണ്. ദൈവരാജ്യത്തിന്റെ പ്രവർത്തനം കൂട്ടായ പ്രവർത്തനത്തിന്റെ ആകെ തുകയാണ്. പുരോഹിതരോടും സഭയോടും ചേർന്നാണ് ഒരു ശുശ്രൂഷകൻ അത് നിവർത്തിക്കേണ്ടത്. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ ഗുരുവിന്റെ ശുശ്രൂഷാമനോഭാവമാണ് ഓരോ ശുശ്രൂഷകനും ഉണ്ടായിരിക്കേണ്ടത്. സഭാലിറ്റർജിയിലൂടെ ദൈവരാജ്യത്തിന്റെ മുന്നാസ്വാദനമാണ് നടക്കുന്നത്. അഥവാ ദൈവരാജ്യത്തിന്റെ ആഘോഷമാണ് ആരാധനാക്രമം. അതിന്റെ പരിചാരകരായാണ് ഓരോ ശുശ്രൂഷകനും കടമകൾ നിവർത്തിക്കുന്നത്.

### 8. ദൈവത്തിന്റെ പ്രവാചക ദൗത്യത്തിൽ പങ്കുചേരുന്നവർ

മോശയുടെ വാക്കുകൾ ഇപ്രകാരമാണ്. നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരങ്ങളുടെ ഇടയിൽനിന്ന് എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിനക്കുവേണ്ടി അയക്കും. അവന്റെ വാക്കാണ് നീ ശ്രവിക്കേണ്ടത് (ആവ.18:15). ഒരു ശുശ്രൂഷകൻ പ്രവാചകനാണ് എന്ന് പറഞ്ഞതിന്റെ അർത്ഥം ദൈവത്തിന്റെ വാക്കുകൾ ദൈവജനത്തെ അറിയിക്കുന്നവൻ എന്ന അർത്ഥത്തിലാണ്. ആരാധനകളിലും മറ്റ് കർമ്മങ്ങളിലെല്ലാം ദൈവഹിതമാണ് വെളിപ്പെടുത്തിയിരിക്കുന്നത്. അത് പുരോഹിതനും ശുശ്രൂഷകരും ചേർന്ന് ദൈവജനത്തെ അറിയിക്കുന്നു.

### 9. മശിഹായുടെ പൗരോഹിത്യധർമ്മത്തിൽ പങ്കുചേരുന്നവർ

ദൈവം യിസ്രായേലിന്റെ തന്റെ ജനമായി തെരഞ്ഞെടുത്തപ്പോൾ അവരിൽനിന്നും ബലിയർപ്പകരും മദ്ധ്യസ്ഥരുമായി പുരോഹിതരെയും പുരോഹിത സഹായികളെയും തെരഞ്ഞെടുത്തു. ഈ പുരോഹിതരും പുരോഹിത സഹായികളായ ലേവ്യരും നിത്യപുരോഹിതനായ ദൈവത്തെയാണ് പുനരവതരിപ്പിച്ചുകൊണ്ടിരുന്നത്. ഇന്നും ആ വലിയ ദൗത്യമാണ് സഭയിലൂടെ അനുഷ്ഠിക്കുന്നത്. ആ പൗരോഹിത്യ ധർമ്മത്തിൽ ഓരോ ശുശ്രൂഷകനും പങ്കാളിയാവുന്നു.

### 10. മശിഹായുടെ രാജകീയദൗത്യത്തിൽ പങ്കുചേരുന്നവർ

അൾത്താര സഹായികൾ എന്ന് ശുശ്രൂഷകരെ വിളിക്കാറുണ്ട്. ത്രോണോസ് എന്ന പദമാണ് കൂടുതലായും പ്രയോഗത്തിലുള്ളത്. അൾത്താര എന്നത് ലത്തീൻ പദവും ത്രോണോസ് എന്നത് ഗ്രീക്കു പദവുമാണ്. സിംഹാസനം എന്നർത്ഥം. സ്വർഗ്ഗീയ രാജാവ് എഴുന്നള്ളുന്ന രാജകീയ സിംഹാസനമാണ് ത്രോണോസ്. തന്റെ വാത്സല്യ ഭാജനങ്ങളായ ആരാധനാസമൂഹത്തെ കാണുവാനും നമ്മുടെ രാജഭക്തിയും സ്നേഹാദരങ്ങളും സ്വീകരിപ്പാനും സർവ്വോപരി തന്റെ തിരുശരീര രക്തങ്ങൾ നമുക്ക് നൽകുവാനും സ്വർഗ്ഗീയ രാജാവ് എഴുന്നള്ളുന്ന സിംഹാസനമാണ് ത്രോണോസ്. ആ രാജകീയ ദൗത്യത്തിൽ രാജാവിനെ പരിചരിക്കുകയും സഹായിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്ന രാജസേവകരാണ് ശുശ്രൂഷകർ.

### 11. ശുശ്രൂഷകരുടെ തെരഞ്ഞെടുപ്പിലെ ദൈവകരം

(ശേഷം പേജ് 6-ൽ)

# അഭിനവ പ.കാതോലിക്കാ ഉത്തമസാക്ഷ്യത്തിന്റെ ഉടമ

റവ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ

കൃത്യനിഷ്ഠയോടുകൂടിയ പ്രാർത്ഥനാജീവിതവും ധ്യാനവും നിസ്വാർത്ഥവും ആത്മാർത്ഥതയും നിഷ്കളങ്കതയും ഒരു സാധാരണക്കാരനെ ലോകാരാദ്ധ്യനായ മഹർഷിവര്യനാക്കിതീർക്കുന്നു എന്നതിന്റെ മകുടോദാഹരണമാണ് മലങ്കരയുടെ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സ്. ഔന്നത്യത്തത്തിലേക്കുള്ള അദ്ദേഹത്തിന്റെ ഉയർച്ച തികച്ചും ദൈവനിയോഗമെന്ന് ഏവരും ഒരുപോലെ സാക്ഷിക്കുന്നു. അഗ്നിയിൽ സ്ഫുടവാകം ചെയ്തെടുത്ത തങ്കത്തകിടിന്റെ തിളക്കമാർന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് അഭിനവ ബാവാ തിരുമേനി.

ഞങ്ങൾ തമ്മിലുള്ള സൗഹൃദത്തിന് ഏതാണ്ട് 42 വർഷത്തിലേറെ പഴക്കമുണ്ട്. അയ്മേനി, ശെമ്മാശ്ശൻ, കശ്ശീശാ, റമ്പാൻ, മെത്രാപ്പോലീത്താ, നിയുക്ത കാതോലിക്കാ, ഇപ്പോഴിതാ പ.സഭയുടെ പ്രഥാന മേലദ്ധ്യക്ഷൻ എന്നീ എല്ലാ നിലകളിലും അദ്ദേഹത്തെക്കുറിച്ച് നേരിട്ട് അറിയുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്.

ആദർശനിഷ്ഠവും ത്യാഗസുരഭിലവുമായ പ്രവർത്തനങ്ങളിലൂടെ സഭാജീവിതത്തിലും പൊതുജീവിതത്തിലും അവിസ്മരണീയ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ഭാഗ്യം സിദ്ധിച്ച പ്രതിഭാധനനാണ് ഇദ്ദേഹം. നിർവ്യാജസ്നേഹത്തിന്റെയും നിസ്വാർത്ഥസേവനത്തിന്റെയും വിളനിലമായ തിരുമേനി സഭാചക്രവാളത്തിന്റെ രജതരേഖകൾ തെളിയിക്കുവാൻ വിളിക്കപ്പെട്ടവനെന്ന് ഞാൻ ഉത്തമമായി വിശ്വസിക്കുന്നു.

പുഞ്ചിരി വാർന്നൊഴുകുന്ന മധുര സംസാരവും ഹൃദയം നിറഞ്ഞുകവിയുന്ന സ്നേഹവും സൗമ്യതയേറിയതും വെളുത്തുനരച്ച താടിമീശകളാൽ അലംകൃതമായ മുഖവും ആരേയും ആകർഷിക്കുവാൻ മതിയാവുന്നവയാണ്.

പ്രതികാരവും അക്രമവുമില്ലാത്ത ശത്രുസ്നേഹം അനുരഞ്ജനത്തിലൂടെ പ്രാവർത്തികമാക്കുന്നതിൽ തിരുമേനി പുലർത്തിപ്പോരുന്ന പെരുമാറ്റ മര്യാദകൾ ഏറെ ശ്രദ്ധേയമാണ്. ആദ്ധ്യാത്മിക മാർഗ്ഗത്തിലൂടെ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രയോജനത്തിനുവേണ്ടി സാമൂഹ്യവികസനം സാധ്യമാക്കുവാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

മലങ്കരസഭയുടെ കനകമതിലുകളെ ശക്തിയും വിശുദ്ധിയും ഉള്ളതാക്കുന്നതിനും വെളുപ്പും വെടിപ്പും നഷ്ടപ്പെടാതെ സംരക്ഷിക്കുവാൻ തിരുമേനിക്ക് സാധിക്കും എന്നതിന് രണ്ടുപക്ഷമില്ല. വിശ്വാസത്തിന്റെ പ്രാമാണിക രേഖകളെ അടിസ്ഥാനപരമായി അനുവർത്തിക്കുകയും അനുഷ്ഠാനങ്ങളും ആചാരങ്ങളും മുൻതലമുറകൾ പുലർത്തിപ്പോന്ന രീതിയിൽനിന്നും വ്യതിചലിക്കാതെ അരക്കിട്ടുറപ്പിച്ച് സംരക്ഷിക്കുമെന്ന് ആശിക്കാം.

വന്ദ്യനും വയോധികനും തപോധനനും മുനിശ്രേഷ്ഠനും മഹാ സിദ്ധനും മഹാത്മാവുമായ പ.ദിദിമോസ് വലിയ ബാവായുടെ കരങ്ങൾക്ക് ശക്തി പകർന്ന അദ്ദേഹത്തോടൊപ്പം താമസിച്ച് ലഭിച്ചതായ അനുഭവസമ്പത്ത് കൈമുതലായി സൂക്ഷിച്ച് സഭാനൗകയെ ആശ്വാസത്തിന്റെയും സമാധാനത്തിന്റെയും ഐക്യത്തിന്റെയും തീരത്ത് എത്തിക്കുവാൻ പുതിയ ബാവായ്ക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

തിരുമേനിയെ സംബന്ധിച്ചിടത്തോളം സത്യമാണ് ലക്ഷ്യം, പ്രാർത്ഥനയാണ് മാർഗ്ഗം, സ്നേഹമാണ് ശൈലി - ഇതാണ് തിരുമേനിയുടെ മതം. തിരുമേനിയുടെ ഭരണകാലം ഭിന്നതകളകറ്റി വൈര്യം മറന്ന് ദൈവരാജ്യപ്രഘോഷണമെന്ന ക്രൈസ്തവ ദൗത്യം നിറവേറിക്കാണുവാൻ ദൈവം സംഗതിയാക്കട്ടെ എന്ന് വീണ്ടും ആശംസിക്കുന്നു.

# മദ്രാസ് ഭദ്രാസന മിഷൻ വൈസ് പ്രസിഡന്റ്

മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ സെന്റർ ഡയറക്ടറായി പ്രവർത്തിക്കുന്ന ഫാ. സ്ലീബാ ജോണിനെ മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് മദ്രാസ് ഭദ്രാസന മിഷൻ വൈസ് പ്രസിഡന്റായി നിയമിച്ചു.

മദ്രാസ് മാർ ദീവന്നാസിയോസ് ദയറാ അംഗവും അടൂർ പട്ടാഴി സ്വദേശിയുമാണ്. ഇപ്പോൾ തിരുനെൽവേലി സെന്റ് ജോർജ് കോൺഗ്രിഗേഷന്റെ വികാരിയാണ്.


## പുതുപ്പള്ളിയിൽ HOUSE PLOT

**പൗരസ്ത്യ ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രമായ പുതുപ്പള്ളി പള്ളിയിൽനിന്നും അര കിലോമീറ്റർ ദൂരത്തിൽ നല്ല റസിഡൻഷ്യൽ ഏരിയായിൽ 15 സെന്റ് സ്ക്വയർ ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. സെന്റിന് ഒരുലക്ഷത്തിഅറുപതിനായിരം രൂപ. 9446712942, 9496632278**


# പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**കുഞ്ഞൂഞ്ഞമ്മ തോമസ്, റാന്നി**

# യൗസേപ്പിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച

## ധ്യാനപീഠം

ഫാ.സൈമൺ ലൂക്കോസ്

**ഡിസംബർ 12, വി.മത്തായി 1: 18–25**

മനുഷ്യനേയും മനുഷ്യബന്ധങ്ങളെയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നവരുടെ പ്രതിനിധിയാണ് നീതിമാനായ യൗസേഫ് പിതാവ്. ചിലർ അനേകരുടെ പിന്നിൽനിന്ന് പ്രവർത്തിച്ച് അറിയപ്പെടാതെ തിരശീലയ്ക്ക് പിന്നിലേക്ക് മറയപ്പെടുന്നതുപോലെ ഉണ്ണിയേശുവിന്റെ വളർത്തുപിതാവായി, കന്യകമറിയാമിന്റെ സഹായകനും സംരക്ഷകനുമായി ദൈവനിയോഗം നിർവ്വഹിച്ച് നീതിമാന്മാരുടെ ഗണത്തിലേക്ക് പ്രവേശിച്ച മഹൽ വ്യക്തിയാണ് യൗസേഫ് പിതാവ്.

യഹൂദന്മാരുടെ വിവാഹനിശ്ചയുംപോലെ ഉറപ്പുള്ളതും വിവാഹത്തിന് മുമ്പ് ഏകദേശം ഒരുവർഷത്തോളം കാലം മുമ്പ് കൈക്കൊള്ളുന്നതുമാണ്. വിവാഹനിശ്ചയം കഴിഞ്ഞാൽ വിവാഹമോചനത്തിലൂടെ മാത്രമേ വേർപെടുത്തുവാൻ സാധിക്കുകയുള്ളൂ. നിയമപരമായി ഭാര്യാഭർത്താക്കന്മാരായിട്ടാണ് അറിയപ്പെടുന്നത്. ഈ അവസരത്തിലാണ് പരിശുദ്ധാത്മാവിനാൽ മനുഷ്യരക്ഷാർത്ഥം വചനമാം ദൈവം കന്യകമറിയാമിൽ ജാതനാകുന്നത്. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേർ വിളിക്കും (യെശയ്യ 7:14) എന്ന പ്രവചനം യേശുക്രിസ്തുവിന്റെ തിരുജനനത്തിനുമുമ്പ് ഏകദേശം 700 വർഷം മുമ്പാണ് ഉണ്ടായത്. പിതാവാം ദൈവത്തിന്റെ ഹിതപ്രകാരം പരിശുദ്ധാത്മാവിന്റെ വ്യാപാരത്താൽ വചനമാം ദൈവം മനുഷ്യനായി പിറക്കുന്നത് നീതിമാനായ യൗസേഫിനെ ദൈവം മനസ്സിലാക്കി കൊടുക്കുന്നു.

യൗസേഫിന്റെ മാനുഷികമായ സംശയം ദൈവീക പദ്ധതിയുടെ വെളിപാടിൽ മാറ്റപ്പെട്ടു. ദൈവം നൽകിയ നിർദ്ദേശമനുസരിച്ച് സമർപ്പണജീവിതത്തിന് ഉടമയായതുകൊണ്ടാണ് നീതിമാനായ യൗസേഫ് എന്ന് തിരുവചനം സംബോധന ചെയ്യുന്നതും ആ പുണ്യവാന്റെ നാമധേയത്വത്തിൽ ദേവാലയങ്ങൾ സ്ഥാപിതമായതും. ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചുതരും. ഞാൻ നിന്റെമേൽ ദൃഷ്ടിവെച്ചു നിനക്ക് ആലോചന പറഞ്ഞുതരും (സങ്കീ.32:8). നമ്മുടെ കുടുംബബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും സംഭവിക്കുന്ന ശൈഥല്യങ്ങൾക്കു കാരണം ദൈവത്തിന്റെ വഴി വെളിപ്പെടാതെയും ദൈവത്തിന്റെ ആലോചനയും പ്രവർത്തനവും ഇല്ലാതെ പോകുന്നതുമൂലമാണ്.

പരസ്പരമുള്ള വാക്പയറ്റുകളും ഭിന്നതകളും കടന്നുവന്ന് ശിഥിലമായി പല കുടുംബജീവിതങ്ങളും അസമാധാനത്തിലും സന്തോഷമില്ലാതെയും ഒരു കുടക്കീലിഴെങ്കിലും ഒരുമയില്ലാതെ ജീവിക്കുന്നത് കാലഘട്ടത്തിന്റെ പ്രത്യേകതയായിരിക്കുന്നു. ദൈവത്തോടൊത്ത് ജീവിച്ച് ആരാണ് ദൈവാനുഗ്രഹം പ്രാപിക്കുന്നതെന്ന് സങ്കീർത്തനക്കാരൻ പറയുന്നത് നാവുകൊണ്ട് കുരുള പറയാതെയും തന്റെ കൂട്ടുകാരനോട് ദോഷം ചെയ്യാതെയും കൂട്ടുകാരന് അപമാനം വരുത്താതെയും ഇരിക്കുന്നവൻ (സങ്കീ.15:3). സഹോദരസമൂഹത്തിന് ദോഷമായി ഒന്നുംതന്നെ തന്നിൽനിന്ന് ഉണ്ടാകരുത് എന്ന് ആഗ്രഹിക്കുന്നവരുടെ സമൂഹത്തിലെ കണ്ണിയായി നീതിമാനായ യൗസേഫ് പിതാവിനെപ്പോലെ ആയിത്തീരുവാൻ കഴിയുന്നത് നീതിമാന്മാരുടെ സവിശേഷതയാണ്. ലോകത്തിന്റെ അവസാനത്തോളം എല്ലാ തലമുറകൾക്കും യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന ദിവ്യദാനമാണ് പാപമോചനം. അവൻ തന്റെ ജനത്തെ അവരുടെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിപ്പാനിരിക്കുന്നതുകൊണ്ട് യേശു എന്ന പേർ ഇടേണം (വി.മത്തായി 1:21). കർത്താവിന്റെ തിരുശരീരമായ സഭയ്ക്ക് ലഭിച്ചതായ പൗരോഹിത്യ നൽവരത്തിലൂടെ കടങ്ങളുടെ പരിഹാരവും പാപമോചനവും നാം പ്രാപിക്കുന്നു. ദൈവ മനുഷ്യബന്ധത്തിന്റെ പുതിയ തുടക്കമാണ് ഇമ്മാനുവേൽ ദൈവം.

**ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച**

**ഡിസംബർ 19, വി.മത്തായി.1:1–18, വി.ലൂക്കോ.3:23–38**

സമസ്ത സൃഷ്ടിയേയും വീണ്ടെടുക്കുവാൻ ലോക ചരിത്രത്തിലേക്ക് താണിറങ്ങി മനുഷ്യത്വം സ്വീകരിച്ച ദൈവപുത്രൻ. ചരിത്രയുഗപുരുഷനായ യേശുക്രിസ്തുവിനെയാണ് വി.മത്തായി ശ്ലീഹായും വി.ലൂക്കോസ് സുവിശേഷകനും അവതരിപ്പിക്കുന്നത്. വാഗ്ദത്ത മശിഹായായ യേശുക്രിസ്തുവിനെ വി.മത്തായി ശ്ലീഹാ യഹൂദപശ്ചാത്തലത്തിലും വി.ലൂക്കോസ് മുഷ്യസമൂഹത്തിലെ എല്ലാവരെയും ഉള്ളിക്കൊള്ളിച്ചുകൊണ്ടും അവതരിപ്പിക്കുന്ന രണ്ടു വേദഭാഗങ്ങളും വളരെ പ്രാധാന്യമേറിയതാണ്. യേശുക്രിസ്തു പുരാണ ഇതിഹാസ വ്യക്തികൾക്കുപരി സ്ഥലകാല കുടുംബ പശ്ചാത്തലത്തിലൂടെ കടന്നുപോയതിന്റെ വിവരണമായി രണ്ടു വംശാവലികളേയും നമുക്ക് കാണാം.

വി.മത്തായി ശ്ലീഹാ അവതരിപ്പിക്കുന്ന വംശാവലിയിൽ വിശ്വാസികളുടെ പിതാവായ അബ്രഹാമിലൂടെയും ദൈവം തെരഞ്ഞെടുത്ത ദാവീദിന്റെ ഗോത്രത്തിൽ യൗസേഫിലും കന്യകമറിയാമിലൂടെയും യേശുക്രിസ്തുവിനെ യിസ്രായേലിന്റെ അഭിഷിക്തനാണെന്ന് അവതരിപ്പിക്കുന്നു. മനുഷ്യകുലത്തിലെ എല്ലാ തലമുറകളെയും ഉൾക്കൊള്ളിച്ച് ദൈവത്തിന്റെ ആത്മാവിൽനിന്ന് സൃഷ്ടിക്കപ്പെട്ട ആദാമിലെത്തിച്ചേരുന്ന (ആദം ദൈവത്തിന്റെ മകൻ വി.ലൂക്കോ.3:38) വംശാവലി വി.ലൂക്കോസ് രേഖപ്പെടുത്തുന്നു.

യേശുക്രിസ്തുവിന്റെ വംശാവലിയിൽ യഹൂദരും അല്ലാത്തവരും സ്ത്രീപുരുഷന്മാരും ശ്രേഷ്ഠരും എളിയവരേയും ഉൾപ്പെടുത്തിയിരിക്കുന്നത് ദൈവസന്നിധിയിൽ എല്ലാവരും വിലയേറിയവരാണെന്ന് കാണിക്കുവാനാണ്. യെശയ്യാ പ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നീ എനിക്ക് വിലയേറിയവനും മാന്യനും ആയി ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു (യെശ.43:4)വെന്നാണ്. കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും കൃപയാലെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നന്നു(എഫേ.2:4,5).

ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേൽ മക്കൾ അവരുടെ പൈതൃകവും പാരമ്പര്യവും കോട്ടം വരാതെ സൂക്ഷിക്കുന്നതിന്റെ ഭാഗമായി വംശാവലിയെഴുതി സൂക്ഷിച്ചിരുന്നു. അകന്നുപോയവരെ ദൈവത്തോട് ചേർക്കുന്നതിനും സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരെ ഉന്നതിയിലേക്ക് വരുത്തുന്നതിനുമുള്ള കർത്താവിന്റെ മനുഷ്യാവതാരം പോലെ വംശാവലിയിലും ഏവരേയും ഉൾപ്പെടുത്തിയിരിക്കുന്നത് നാമും നമ്മുടെ മുൻ തലമുറയും പിൻതലമുറയും യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഒരു കണ്ണിയാണെന്ന് തെളിയിക്കുന്നു. എല്ലാവരും ദൈവമക്കളായി വി.ലൂക്കോസ് തിരുവചനത്തിലൂടെ വ്യാഖ്യാനിക്കുന്നത് ജാതിമത വർഗ്ഗ വർണ്ണ ചിന്തകൾക്കതീതമായി മനുഷ്യസമൂഹത്തിന്റെ തന്നെ ഐക്യവും സ്നേഹവും സാഹോദര്യവും നിലനിന്നുകാണുവാനാഗ്രഹിക്കുന്ന ദൈവത്തിന്റെ മനസ്സാണ്. ആദാം ദൈവത്തിന്റെ മകൻ എന്നു പറയുമ്പോൾ ഓരോ ദൈവപൈതലും ദൈവത്തിന്റെ മകനും മകളുമാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെട്ടവരെപ്പോലെ അതിലെ ഒരു കണ്ണിയായി നാമിവിടെ ആയിരിക്കുന്നു. നമ്മിലൂടെ നടപ്പാകേണ്ട കടമകളും ദൈവീകമായ ദൗത്യവും പൂർത്തിയാകുവാൻ ദൈവകൃപ നമുക്കാവശ്യമാണ്. നീയോ ബേത്ലഹേം എഫ്രാത്തെ നീ യഹൂദസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന് അധിപതിയായിരിക്കേണ്ടുന്നവർ എനിക്ക് നിന്നിൽനിന്നു ഉത്ഭവിച്ചുവരും. അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ (മീഖാ.5:2). പ്രവാചകന്മാരിലൂടെ നൽകപ്പെട്ട ദൈവത്തിന്റെ അരുളപ്പാടുകൾ നിറവേറുന്നത് പരിശുദ്ധനായ പൗലോസ് ശ്ലീഹാ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നും ജനിച്ചവനായി നിയോഗിച്ചത് അവൻ ന്യായപ്രമാണത്തിൽ കീഴുള്ളവരെ വിലക്കുവാങ്ങീട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിനുതന്നെ (ഗലാത്യ4:4). യേശുക്രിസ്തുവിന്റെ പുത്രപുത്രി പദവിയിലേക്ക് നാം പ്രവേശിക്കുമ്പോൾ യേശുക്രിസ്തുവിന്റെ വംശാവലിയിലും നാം ഉൾപ്പെട്ടിരിക്കുന്നു.

മനുഷ്യസമൂഹത്തെ മുഴുവൻ വലയം ചെയ്തുകൊണ്ടിരിക്കുന്ന അന്ധകാര ശക്തികളുടെ ആധിപത്യത്തിൽനിന്ന് വിമോചനവും വിടുതലും ലഭിക്കുവാനും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഉറവ വറ്റിപ്പോകാതെയിരിക്കുവാനും യേശുക്രിസ്തുവിന്റെ സജീവമായ സാന്നിദ്ധ്യം രക്ഷകന്റെ ജനനപ്പെരുന്നാളാഘോഷം മൂലം ഉണ്ടാകുവാനും സംഗതിയാകട്ടെ.

## ശുശ്രൂഷയുടെ മാഹാത്മ്യവും .... പേജ് 5–ൽനിന്ന്

ശുശ്രൂഷകരുടെ തെരഞ്ഞെടുപ്പിന് പിൻപിൽ ദൈവകരമാണ് പ്രവർത്തിച്ചത്. ദൈവം അരുളിച്ചെയ്യുന്നത് ശ്രദ്ധിക്കുക. നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു (യോഹ.15:16). ഒരു ശുശ്രൂഷകന് ആ സ്ഥാനിയാകുവാനുള്ള ആഗ്രഹം തോന്നിപ്പിച്ചതും അതിനായി തെരഞ്ഞെടുത്തതും ദൈവമാണ്. ഈ തെരഞ്ഞെടുപ്പ് നടക്കുന്നത് ദൈവത്തിന്റെ നീട്ടപ്പെട്ട കരങ്ങളായ ബിഷപ്പിലൂടെയോ, മറ്റ് പൗരോഹിത്യസ്ഥാനികളൂടെയോ ആണ്. ഈ തെരഞ്ഞെടുപ്പ് ദൈവത്തെ എന്നും മഹത്വപ്പെടുത്തുന്നതിനും അവിടുത്തെ അൾത്താരയിൽ ശുശ്രൂഷകർ എന്നും ഉണ്ടാകുന്നതിനുംവേണ്ടിയാണ്.

**12. ശുശ്രൂഷകന്റെ മശിഹായോടുള്ള പ്രത്യുത്തരം**

തനിക്ക് ലഭിച്ച ഈ മഹാദാനത്തിന് ചേർന്ന പ്രത്യുത്തരം നൽകുവാൻ ഓരേ ശുശ്രൂഷകനും കടപ്പെട്ടിരിക്കുന്നു. ചെറുതോ വലുതോ ആയ കർത്തവ്യങ്ങൾ പൂർത്തീകരിക്കുമ്പോൾ ദൈവത്തിന് പ്രത്യുത്തരം നൽകുവാൻ ഒരുങ്ങിയിരിക്കണം. കാരണം ഓരോ കർമ്മാനുഷ്ഠാനങ്ങൾക്കും നിശ്ചിത ലക്ഷ്യമുണ്ട്. അതിന്റെ പൂർത്തീകരണത്തിനു വിഘ്നം സംഭവിക്കുന്ന വിധത്തിൽ പെരുമാറുന്നത് അനാരോഗ്യകരമാണ്. ഇത് ഒരു ശുശ്രൂഷകന് മാത്രമല്ല ദിവ്യകർമ്മങ്ങളനുഷ്ഠിക്കുന്ന എല്ലാവർക്കും ബാധകമാണ്. വിശുദ്ധ കർമ്മങ്ങൾ ദൈവീക സാന്നിദ്ധ്യമായി അനുഭവവേദ്യമാകുന്നതിന് ശുശ്രൂഷകർക്കുള്ള പങ്കാളിത്തം ഒഴിച്ചുകൂടാനാവാത്തതാണ്. ഒരു ശുശ്രൂഷകന്റെ കർത്തവ്യങ്ങൾ ദൈവത്തിന് സ്തോത്രബലിയായി മാറുന്നതിന് പരിശുദ്ധാത്മാവിന്റെ കൃപ അത്യന്താപേക്ഷിതമാണ് അതിനായി നമുക്ക് പ്രാർത്ഥിക്കാം.

# നന്ദൻകോട്പള്ളിയിൽ പ.പരുമല തിരുമേനിയുടെ പെരുന്നാൾ ആഘോഷിച്ചു

തിരുവനന്തപുരം : നന്ദൻകോട് സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ പ.പരുമല തിരുമേനിയുടെ ഓർമ്മതിരുന്നാളിനോടനുബന്ധിച്ച് അഞ്ചുലക്ഷം രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായ വിതരണം നടത്തി. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായ്ക്ക് സ്വീകരണം നൽകുകയും അദ്ദേഹം പെരുന്നാൾ കുർബ്ബാന അർപ്പിക്കുകയും ചെയ്തു. 2010ൽ ഈ ഇടവകയിൽ വെച്ച് വിവാഹം നടത്താൻ തയ്യാറുള്ള അർഹിക്കുന്ന വധൂവരന്മാർക്ക് മുൻപതിവുപോലെ ഒരുലക്ഷം രൂപാ സഹായധനവും പ്രഖ്യാപിച്ചിട്ടുണ്ട്

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**അജിത്ത് തോമസ് റാന്നി**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**മിസിസ് കുര്യൻ കോട്ടയം**

# മാർത്തോമ്മാ ശ്ലീഹാ മുതൽ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ വരെ (എ.ഡി.35 മുതൽ 1982 വരെ)

## പൗരസ്ത്യ ഓർത്തഡോക്സ് കാതോലിക്കാമാർ (ക്രോണോളജി)

**1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിന്റെ സപ്തതി ആഘോഷങ്ങളുടെ ഭാഗമായി ദേവലോകത്തുനിന്ന് മലങ്കരസാമാസികയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച സപ്തതി സ്മരണികയിൽ പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ വരെയുള്ള കാതോലിക്കാമാരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ കോപ്പി പുനപ്രസിദ്ധീകരിക്കുന്നു : ഫാ.ഡോ.എം.ഒ.ജോൺ**

1. കിഴക്കിന്റെ ഒന്നാമത്തെ മേൽപട്ടക്കാരൻ - മാർ തോമ്മാശ്ലീഹാ, എ.ഡി.35-72
2. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ മാർ ആദായി, 72-120
3. ആഗായി, 120-152
4. മാറി. ഇദ്ദേഹത്തിന്റെ കാലത്ത് സിംഹാസനാസ്ഥാനം എഡേസ്സായിൽനിന്ന് സെലൂക്യക്റ്റെസിഫണിലേക്ക് മാറ്റി, 152-185
5. എഫ്രസിയൂസ്, 185-201
6. അബ്രഹാം, 201-213
7. യാക്കോബ്, 213-231
8. ആഹോദാബൂയി. 231-ൽ യെറുശലേം സുന്നഹദോസ് വാഴിച്ചു കാതോലിക്കാ പാത്രിയർക്കീസ് എന്ന് സ്താത്തിക്കോൻ കൊടുത്തു, 231-246
9. ശഹലൂപ്പാ, 246-266
10. പാപ്പാ, 267-336
11. ശെമഓൻ ബർസബ്ഏ (ഇദ്ദേഹത്തിന്റെ അനുവാദത്തോടെയാണ് 345-ൽ ക്നായിത്തോമയും 72 കുടുംബങ്ങളും കേരളത്തിൽ കുടിയേറിയത്) 337-350
12. ശാഹോദോത്ത് 350-352
13. ബർബോശോമിൻ 352-360
14. തോമൂസോ 360-368
15. കോയൂമോ 370-375
16. ഇസഹാക്ക് 375-386
17. ഓഹ് 386-393
18. യാബാലോഹോ 393-398
19. മഗിന. ഇദ്ദേഹം പിന്നീട് വിശ്വാസവിപരീതിയായിത്തീരുകയും തള്ളപ്പെടുകയും ചെയ്തു. 398-400
20. മെർബുക്കാസ് 401-420
21. ദാദേശു 421-456
22. ബാബുയാഹ് 457-484
23. ആക്കോക്ക് 485-498
24. ബാബി 499-502
25. ശീലോ 502-504
26. ഏലീശാ 504-536
27. **പൗലൂസ് 537-539**
28. ആബോ 540-552
29. യൗസേഫ് 552-556
30. ആഹൂദേമേ (യാക്കൂബ് ബുർദാന വാഴിച്ചു) 559-577
31. കോംയേശു 578-579
32. ശമുവേൽ 614-624
33. മൊറൂസൊ (സിംഹാസനം തിഗ്രീസിലേക്ക് മാറ്റിസ്ഥാപിച്ചു. ഇതുമുതൽ മഫ്രിയാനാ എന്നപേരിൽക്കടി കാതോലിക്കാമാർ അറിയപ്പെടുന്നു) 628-649
34. ദനഹാ ഒന്നാമൻ 650-659
35. ബർയേശു 669-684
36. അബ്രഹാം 686-687
37. ദാവീദ് (ആറുമാസം കഴിഞ്ഞ് കാലംചെയ്തു) 687
38. യൂഹാനോൻ സോബോ 687-688
39. ദനഹാ രണ്ടാമൻ 688-728
40. **പൗലൂസ് 728-757**
41. യൂഹാനോൻ കീയൂനോയോ 758-788
42. യൗസേഫ് 789-793
43. ശർബീൽ 794-810
44. ശെമവൂൻ 812-818
45. ബസേലിയോസ് ബർബൽദോയോ 818-838
46. ദാനിയേൽ 838-847
47. തെഗ്രീസുകാരൻ തോമ്മാ 848-856
48. ബസേലിയോസ് ലോഓസാർ (ഇദ്ദേഹത്തിന്റെ കാസത്ത് മൽക്കിസദേക്ക് എന്ന ഒരു ബദൽ കാതോലിക്കായെ പാത്രിയർക്കീസ് വാഴിച്ച് അയച്ചു. പൗരസ്ത്യർ അദ്ദേഹത്തെ അംഗീകരിച്ചില്ല) 856-869
49. സർഗ്ഗീസ് 872-883
50. അത്താനാസ്യോസ് 887-904
51. തോമ്മാ എസ്തുനോറോ 912-913
52. ദനഹാ മൂന്നാമൻ 915-935
53. ബസേലിയോസ് 938-962
54. കുറിയാക്കോസ് 964-982
55. ദമസ്കോസ്കാരൻ യൂഹാനോൻ 991-997
56. ഇഗ്നാത്തിയോസ് ബർക്കീക്കി 997-1022
57. ഉറഹാക്കാരൻ അത്താനാസ്യോസ് 1027-1104
58. തെഗ്രീസുകാരൻ ബസേലിയോസ് 1046-1069
59. യോഹന്നാൻ സ്ലീബാ 1075-1106
60. ദീവന്നാസ്യോസ് മൂശ 1112-1142
61. ഇഗ്നാത്തിയോസ് ലോഓസർ 1143-1164
62. സ്രൂഗ്കാരൻ യോഹന്നാൻ 1165-1188
63. ദീവന്നാസിയോസ് ബർമ്സാഹ് 1188-1204
64. ഗ്രിഗോറിയോസ് യാക്കോബ് 1204-1215
65. ഇഗ്നാത്തിയോസ് ദാവീദ് 1215-1222
66. ദീവന്നാസ്യോസ് സ്ലീബാ 1222-1231
67. യൂഹാനോൻ ബർമദാൻ 1232-1252
68. ഇഗ്നാത്തിയോസ് സ്ലീബാ 1253-1258
69. ഗ്രിഗോറിയോസ് ബാർ എബ്രായ 1264-1286
70. ഗ്രിഗോറിയോസ് ബാർസാമ്മാ 1289-1308
71. ഗ്രിഗോറിയോസ് മത്തായി 1317-1360
72. അത്താനാസ്യോസ് അബ്രഹാം 1365-1379
73. ഹെദേലിയൻ ബസേലിയോസ് ബഹനാം 1404-1412
74. ദീയസ്കോറോസ് ബഹനാം 1415-1417
75. ബസേലിയോസ് ബർസൗമ്മാ 1422-1455
76. ബസേലിയോസ് അസീസ് 1487-1571
77. ഹോംസ്കാരൻ ഇഗ്നാത്തിയോസ് നൂഹ് 1490-1494
78. കല്ലത്തുമറക്കാരൻ ബസേലിയോസ് അബ്രഹാം 1494-1496
79. ബസ്സേലിയോസ് (1581-ൽ ദാവൂദ്ശാ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുവാൻ കൂടിയ പാത്രിയർക്കേറ്റിലെ എപ്പിസ്കോപ്പന്മാരുടെ യോഗത്തിൽ ഈ മാർ ബസ്സേലിയോസ് അദ്ധ്യക്ഷം വഹിക്കുകയും സുന്നഹദോസ് നിശ്ചയത്തിൽ ഒന്നാം പേരുകാരനായി ഒപ്പിടുകയും ചെയ്തു. ഇദ്ദേഹം അതിൽ ഒന്നാമതായി ഒപ്പിട്ടിരിക്കുന്നത് "കിഴക്കിന്റെയും ഇന്ത്യയുടെയും അതായത് പ.തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കാ ആയ ബസ്സേലിയോസ്" എന്നാണ്) 1560-1589
80. ബസേലിയോസ് യൽദോ (1685ൽ മലങ്കരെ വന്ന് കോതമംഗലത്ത് കബറടങ്ങി) 1634-1685
81. ബസേലിയോസ് ശക്രള്ളാ (മലങ്കരെ വന്ന് കണ്ടനാട് കബറടങ്ങി) 1751-1764
82. ബസേലിയോസ് ഏലിയാസ് 1838-1840
83. ബസേലിയോസ് ബഹനാം 1850-1860
84. **ബസേലിയോസ് പൗലൂസ് (1912-ൽ സിംഹാസനം മലങ്കരയ്ക്ക് മാറ്റി) 1912-1913**
85. ബസേലിയോസ് ഗീവർഗീസ് ഒന്നാമൻ 1926-1928
86. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ 1929-1964
87. ബസേലിയോസ് ഔഗേൻ പ്രഥമൻ 1964-1975
88. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ 1975-1991
89. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ 1991-2005
90. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ 2005-2010
91. **ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ 2010-**

ഇതിൽ പൗലോസ് എന്ന പേരുകാരനായ ഒരാൾ എ.ഡി.537-539-ലും മറ്റൊരാൾ എ.ഡി.728-757ലും സഭയെ നയിച്ചിരുന്നു. അതിനുശേഷം 1912-ൽ ബസ്സേലിയോസ് പൗലോസ് പ്രഥമനും ഇപ്പോൾ പൗലോസ് ദ്വിതീയനും ഉണ്ട്. ഇക്കണക്കനുസരിച്ച് ഇപ്പോഴത്തെ ബാവാ പൗലോസ് നാലാമൻ എന്നു പറയേണ്ടിവരുന്നു. ഇതിൽ ആദ്യത്തെ രണ്ടുപേർക്ക് അവരുടെ പേരിനോട് ചേർന്ന് ബസ്സേലിയോസ് എന്ന സ്ഥാനനാമമില്ല.

1533 മുതലാണ് പൗരസ്ത്യ മഫ്രിയാനാമാർ തങ്ങളുടെ പേരിനോട് ചേർത്ത് ബസ്സേലിയോസ് എന്ന സ്ഥാനനാമം ഉപയോഗിക്കുവാൻ തുടങ്ങിയത്. ബസ്സേലിയോസ് എന്ന പേരുകൂടെ ചേർത്ത് ബസ്സേലിയോസ് പൗലോസ് എന്ന് വിളിക്കുന്നതുകൊണ്ട് 1912-ൽ വാഴിക്കപ്പെട്ട ആളിനെ ബസ്സേലിയോസ് പൗലോസ് പ്രഥമൻ എന്നു വിളിക്കാം. ആ രീതിയിൽ നോക്കുമ്പോൾ ഇപ്പോഴത്തെ പൗലോസ് ബാവായുടെ പേരിനോട് ചേർന്ന് മാർത്തോമ്മാ എന്ന സ്ഥാനനാമം കൂടുതലായുണ്ട്.

അങ്ങനെയെങ്കിൽ ഇപ്പോഴത്തെ ആൾ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് പ്രഥമൻ ആകണ്ടെ? 91-ാം കാതോലിക്കാ എന്നു സ്ഥാപിക്കാൻ പോകുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളാണിതൊക്കെ. ഈ ലിസ്റ്റിൽ മാർത്തോമ്മാശ്ലീഹാ അറിയിപ്പുകാരൻ ആദായി തുടങ്ങി ആദ്യത്തെ എഴുപതുപേർ കഴിഞ്ഞുവരുന്ന ആഹോദാബൂയി മുതൽ 32-ാം പേരുകാരനായ ശമുവേൽ വരെ കിഴക്കിന്റെ കാതോലിക്കാമാരായിരുന്നു. അതിനുശേഷം മൊറൂസാമുതലുള്ളവർ മഫ്രിയാനാമാരാണ്.

ശമുവേൽ (614-624) കഴിഞ്ഞ് കിഴക്കിന്റെ കാതോലിക്കാമാർ പിന്നേയും ഉണ്ടായിരുന്നു. അവരുടെ പിൻഗാമികളായ പൗരസ്ത്യ കാതോലിക്കാമാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. പേർഷ്യൻ സഭയുടെ പാത്രിയർക്കീസന്മാർ, ബാബിലോൺ പാത്രിയർക്കീസ്, കൽദായ പാത്രിയർക്കീസ് എന്ന പേരുകളിൽ അവർ ഇപ്പോഴും അറിയപ്പെടുന്നു. ഇപ്പോഴത്തെ കൽദായ പാത്രിയർക്കീസ് ദനഹാ നാലാമനാണ്. മാർത്തോമ്മാശ്ലീഹായുടെ കാലം മുതൽ ഇപ്പോഴത്തെ കാതോലിക്കാ ദനഹാ നാലാമൻ വരെയുള്ള കാതോലിക്കാമാരുടെ (പാത്രിയർക്കീസ്) ലിസ്റ്റ് പേർഷ്യൻ സഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (മലങ്കരസഭാദീപം വായനക്കാരുടെ അറിവിനുവേണ്ടി അടുത്തലക്കത്തിൽ അത് പ്രസിദ്ധീകരിക്കുന്നതാണ്).

ഏഴും എട്ടും പത്തും പതിനഞ്ചും നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന പേർഷ്യയിലെ കാതോലിക്കാമാരുടെ ഭരണത്തിൻകീഴിലായിരുന്നു മലങ്കരയിലെ ക്രിസ്ത്യാനികൾ എന്നാണ് ചരിത്രരേഖകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. അക്കാലങ്ങളിൽ ജീവിച്ചിരുന്ന മഫ്രിയാനാമാരുമായി മലങ്കരസഭയ്ക്ക് ബന്ധമുണ്ടായിരുന്നതായി തെളിയിക്കുക പ്രയാസമാണ്. യാഥാർത്ഥ്യം ഇങ്ങനെയായിരിക്കെ മഫ്രിയാനാമാരുടെ പിന്തുടർച്ച അവകാശപ്പെട്ട് 91-ാം കാതോലിക്കാ എന്നൊക്കെ പറയുന്നത് വസ്തുതാ വിരുദ്ധമാണെന്നേ പറയാൻ സാധിക്കുകയുള്ളു. അതല്ല 91-ാം കാതോലിക്കാ എന്നു നിർബന്ധമായും പറയണമെങ്കിൽ 33 മുതൽ 83 വരെയുള്ള ആളുകൾ മഫ്രിയാനാമാരായിരുന്നെന്നും മഫ്രിയാനാസ്ഥാനം അന്ത്യോഖ്യാ പാത്രിയർക്കീസിനു വിധേയപ്പെട്ട കീഴ്സ്ഥാനി ആണെന്നും 1912-ൽ മലങ്കരയിൽ മഫ്രിയാനാസ്ഥാനം പുനസ്ഥാപിക്കുകയല്ലായിരുന്നെന്നും ഒക്കെ സമ്മതിക്കേണ്ടിവരും.

Vol. 17 Issue 3
December 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/
163/2009-2011

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 58/2009-11

**ചിരിവര ——————— ജോയി കുളനട**




## പ.ദിദിമോസ് പ്രഥമൻ ബാവായുടെ നവതി ആഘോഷ സമാപനം പത്തനാപുരത്ത്

പത്തനാപുരം : പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ നവതി ആഘോഷങ്ങളുടെ സമാപനം ഡിസംബർ 1ന് പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ നടക്കും. പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടി സമ്മേളനം ഉദ്ഘാടനം ചെയ്യും.

ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. ദിദിമോസ് പ്രഥമൻ അദ്ധ്യാപക അവാർഡ് ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സമ്മാനിക്കും.

പ.കാതോലിക്കാ ബാവായുടെ തെരഞ്ഞെടുത്ത രചനകൾ സമാഹരിച്ച് പോൾ മണലിൽ തയ്യാറാക്കിയ ഒരു മഹർഷി സംസാരിക്കുന്നു എന്ന ഗ്രന്ഥം പ.കാതോലിക്കാ ബാവാ പ്രകാശനം ചെയ്യും. നവതി സ്മാരക പ്രഭാഷണം ഡോ.ഡി.ബാബു പോൾ നടത്തും.

## ആചാര്യ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു

മലങ്കരസഭാകവി ശ്രീ.സി.പി.ചാണ്ടിയുടെ സ്മരണയ്ക്കായി മലങ്കര ഓർത്തഡോക്സ് സഭ ഏർപ്പെടുത്തിയ ആചാര്യ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. പതിനഞ്ചുവർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുള്ളവരും ഇപ്പോൾ സർവ്വീസിൽ ഇരിക്കുന്നവരുമായ ഗവ/എയ്ഡഡ് യു.പി./ഹൈസ്ക്കൂൾ അദ്ധ്യാപകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. പതിനായിരം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന മൂന്ന് അവാർഡുകൾ യു.പി. അദ്ധ്യാപകർ, ഹൈസ്ക്കൂൾ അദ്ധ്യാപകർ, ഓർത്തഡോക്സ് സഭാംഗങ്ങളായ ഹൈസ്ക്കൂൾ അദ്ധ്യാപകർ എന്നിവർക്ക് നൽകും.

സ്ക്കൂൾ അധികൃതർ, പൊതുജനങ്ങൾ, രക്ഷകർത്താക്കൾ എന്നിവർക്ക് അർഹതയുള്ള അദ്ധ്യാപകരുടെ വിവരം കമ്മിറ്റിയെ അറിയിക്കാം. അദ്ധ്യാപകർക്ക് നേരിട്ടും നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാം. ചാണ്ടിസാറിന്റെ ആറാം ചരമവാർഷികദിനമായ 2011 മെയ് 4-ാം തീയതി പത്തനംതിട്ടയിൽവച്ച് അവാർഡ് സമ്മാനിക്കും. സെക്രട്ടറി ആചാര്യ അവാർഡ് കമ്മിറ്റി, ബേസിൽ അരമന, പത്തനംതിട്ട - 689 645 എന്ന വിലാസത്തിൽ 2011 ജനുവരി 31നു മുമ്പായി അപേക്ഷ ലഭിച്ചിരിക്കണം. ഫോൺ : 0468-2222243 (ബേസിൽ അരമന), 9447593058 (സെക്രട്ടറി).

## അടൂർ ഓർത്തഡോക്സ് കൺവൻഷൻ

പതിനഞ്ചാമത് അടൂർ ഓർത്തഡോക്സ് കൺവൻഷൻ 2010 ഡിസംബർ 8 മുതൽ 12 വരെയുള്ള തീയതികളിൽ പാണംതുണ്ടിൽ ആഡിറ്റോറിയത്തിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു. വെരി.റവ.സി.തോമസ് കോർഎപ്പിസ്കോപ്പാ അറപ്പുരയിൽ പ്രസിഡന്റ്, ഫാ.ഐസക്ക് തോമസ് ജനറൽ കൺവീനർ, വി.കെ.തമ്പി സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ഊർജ്ജിതപ്പെടുത്തി. ഡിസംബർ 8ന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. അടൂർ-കടമ്പനാട് ഭദ്രാസനാധിപൻ ഡോ.സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. അജി ബത്തേരി, ഫാ.വർഗീസ് വർഗീസ് മീനടം, പ്രൊഫ.മേരി മാത്യു, ഫാ. ജോസഫ് സാമുവൽ കറുകയിൽ, ഫാ.പി.എ.ഫിലിപ്പ്, ഫാ.സജി അമയിൽ, ഫാ.ഡോ.ഒ. തോമസ് എന്നിവർ വിവിധ ദിവസങ്ങളിൽ വചനപ്രഘോഷണം നടത്തുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ ഹ്യൂമൻ റിസോഴ്സ് മാനേജുമെന്റിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണം യൂ-ടേൺ പ്രോഗ്രാം ഡിസംബർ 11ന് നടത്തുന്നു. ഫാ.ജോർജ് വർഗീസ്, ഫാ.ജോൺസി വർഗീസ്, ഫാ.മാത്യു പി.ജോൺ, ഫാ.ജോസഫ് സാമുവൽ, ഫാ.പി.റ്റി. തോമസ്, ഫാ.പി.ജി.കുര്യൻ, ഫാ.ജേക്കബ് ജോർജ്, ഫാ.റ്റിജു തോമസ്, ഫാ.മാത്തുക്കുട്ടി എന്നിവർ ചെയർമാന്മാരായും ഗീവർഗീസ് നൈനാൻ പ്രൊഫ.ജോസ് വി.കോശി, വി.ഒ. വർഗീസ്, തോമസ് വർഗീസ്, സാം പാണുവേലിൽ, ഇ.വർഗീസ്, റ്റി.കെ.പാപ്പച്ചൻ, പി.എം. രാജൻ, പ്രൊഫ.ഇട്ടി വർഗീസ്, അലക്സാണ്ടർ മടവിള, വി.റ്റി.ജോർജ്, ജി.തോമസ്, ആനി തോമസ് എന്നിവർ കൺവീനർമാരുമായുള്ള കമ്മിറ്റികൾ പ്രവർത്തനമാരംഭിച്ചു.

## ശ്രാദ്ധപ്പെരുന്നാൾ

പത്തനാപുരം : കാലം ചെയ്ത തോമ്മാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 38-ാം ശ്രാദ്ധപ്പെരുന്നാളും സഖറിയാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 13-ാം ശ്രാദ്ധപ്പെരുന്നാളും ഡിസംബർ 2,3 തീയതികളിൽ പത്തനാപുരം മൗണ്ട് താബോർ ദയറായിൽ പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് ഒന്നാമൻ വലിയ ബാവായുടെയും പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെയും സഭയിലെ മറ്റ് അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരുടെയും സാന്നിദ്ധ്യത്തിൽ ആചരിക്കുന്നു. പെരുന്നാളിനോടനുബന്ധിച്ച് രണ്ടു ദിവസങ്ങളിലായി നടക്കുന്ന കൺവൻഷൻ പ്രസംഗങ്ങൾക്ക് ഫാ. വിൽസൺ മാത്യു പത്തനംതിട്ട, ഫാ.സ്പെൻസർ കോശി ആയൂർ എന്നിവർ നേതൃത്വം നൽകുന്നു. ഡിസംബർ ഒന്നാം തീയതി ബുധനാഴ്ച നടക്കുന്ന പ.വലിയ ബാവായുടെ നവതി ആഘോഷവും പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായ്ക്ക് സ്വീകരണവും ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യു. ഡോ.ഡി.ബാബു പോൾ നവതിപ്രഭാഷണം നടത്തും. ചികിത്സാ സഹായദാനവും വിദ്യാഭ്യാസ അവാർഡ് ദാനവും മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ നിർവ്വഹിക്കും. മാർതോമ്മാ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ സ്മാരക പ്രഭാഷണം ഡോ.രാധാകൃഷ്ണൻ നിർവ്വഹിക്കും.

## ഫാ.ഡോ.വി.സി.ശമുവേലിന്റെ 12-ാം ചരമവാർഷികം

ഇന്ത്യയിലും യു.എസ്.എ.യിലും എത്യോപ്യായിലും തിയോളജിക്കൽ കോളജുകളിൽ പ്രൊഫസറായും പ്രിൻസിപ്പലായും സേവനം അനുഷ്ഠിക്കുകയും ആഗോള പ്രശസ്തി ആർജ്ജിച്ച മുപ്പതിൽപരം ഗ്രന്ഥങ്ങളുടെ രചയിതാവും നിരവധി അന്താരാഷ്ട്ര സമ്മേളനങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിക്കുകയും ചെയ്തിട്ടുള്ള വേദശാസ്ത്രജ്ഞൻ ഫാ.ഡോ.വി.സി.ശമുവേലിന്റെ 12-ാം ചരമവാർഷികത്തോടനുബന്ധിച്ച് കുടുംബയോഗം സ്മാരക സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന അനുസ്മരണ യോഗത്തിൽ ഈ.ഐ.ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.ജോർജ് തോമസ്, ഈ.ജെ. വർഗീസ്, ഇ.വി.മാത്യു, ചെറിയാൻ, എൽ.ദാനിയേൽ തുടങ്ങിയവർ പ്രസംഗിച്ചു.

## നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട്!

ഫാ.ജോൺസൺ പുഞ്ചക്കോണം

മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികളായ ഓർത്തഡോക്സ് സഭാമക്കൾ യോജിച്ച് ഒന്നാകണമെന്ന് ആണ് സാധാരണക്കാരായ വിശ്വാസികളുടെ ആഗ്രഹവും പ്രാർത്ഥനയും. എന്നാൽ അധികാരത്തിന്റെ അപ്പകഷണങ്ങൾക്കായി കടിപിടി കൂട്ടുന്ന ഏതാനും ചിലരുടെ ദുർവാശിമൂലം ഇനി ഒരു യോജിപ്പ് അസാധ്യമാണ്. ഭാരതമനസാക്ഷിയുടെ മുന്നിൽ എന്നും കളങ്കമായി ആരോപണ പ്രത്യാരോപണങ്ങളുമായി ഇനി അധികകാലം മലങ്കരസഭയ്ക്ക് മുന്നോട്ട് പോകുവാനാകില്ല എന്ന തിരിച്ചറിവ് ഇരുവിഭാഗങ്ങളിലെയും നേതാക്കന്മാർക്ക് ഉണ്ടാകണം. മലങ്കരസഭയുടെ ഇന്നയോളമുള്ള ചരിത്രത്തിന്റെ ഏടുകളിൽ ഇണക്കങ്ങളും പിണക്കങ്ങളും വേർപിരിയലുകളും ഒത്തുചേരലുകളും ഉണ്ടായിട്ടുണ്ട്. ഒരു നൂറ്റാണ്ടായി ഭാരതത്തിന്റെ വിവിധ കോടതികളിൽ ഇരുസഭകൾക്കും അനുകൂലമായും പ്രതികൂലമായും വിധികളുടെ ഒരു പരമ്പരതന്നെ ഉണ്ടായിട്ടുണ്ട്. എങ്കിലും ഒന്നിനും ഒരവസാനമായില്ല. വിവിധ കോടതികളിലായി ഇത്രയും അധികം കേസുകളുള്ള ഒരു സമൂഹം ഭാരതചരിത്രത്തിൽ ഇന്നയോളമുണ്ടായിട്ടില്ല. പള്ളികേസുകൾ പരിഗണിക്കാൻ മാത്രമായി ഒരു കോടതിതന്നെ സർക്കാർ രൂപീകരിച്ചു. അവിടെ എഴുപതോളം കേസുകൾ നിലവിലുണ്ട്. അതുകൂടാതെ ഹൈക്കോടതിയിലും മറ്റ് വിവിധ കോടതികളിലുമായി ഇരുനൂറോളം കേസുകൾ.

ഇനിയും ഒന്നായി മുമ്പോട്ടു പോവുക അസാധ്യമാണെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ഇക്കഴിഞ്ഞ ദിവസം ഉണ്ടായ ഹൈക്കോടതി നിർദ്ദേശം ഇരുവിഭാഗങ്ങളും പ്രാർത്ഥനാപൂർവ്വം ദൈവത്തിൽ സമർപ്പിച്ച് അനുഭാവപൂർവ്വം പരിഗണിക്കണം.

ഭാഗംചേരാതെ നിർദ്ദേശങ്ങൾ നൽകുവാൻ സാധ്യമായ മദ്ധ്യസ്ഥശ്രമങ്ങൾ ഉണ്ടാകണം. ഒത്തുതീർപ്പിന്റെ മേഖലകളിൽ പരസ്പരം പഴിചാരാതെ വിട്ടുവീഴ്ചയോടെ രമ്യമായി എല്ലാം കണക്കുപറഞ്ഞ് തീർത്ത് സ്നേഹത്തിന്റെ ആത്മാവിൽ സഹോദരീസഭകളായി വേർപിരിയാം. ഇനിയെങ്കിലും കാലത്തിന്റെ ചുവരെഴുത്ത് വായിക്കുവാൻ നാം തയ്യാറാകണം. ഇല്ലെങ്കിൽ വരും തലമുറ നമ്മോട് പൊറുക്കുകയില്ല.

ക്രൈസ്തവ സഭയുടെ ഉദ്ദേശവും ലക്ഷ്യവും മറന്നുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാൻ കാലമായി. വരുംതലമുറയ്ക്ക് മാതൃക കാട്ടുവാനും സമൂഹത്തിൽ നല്ല സാക്ഷ്യം നൽകുവാനും കേസുകളും വഴക്കുകളുമായി മുന്നോട്ടു പോകുന്ന സഭകൾക്ക് സാധിക്കുകയില്ല.

**"എനിക്കും നിനക്കും എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കമുണ്ടാകരുതേ. നാം സഹോദരന്മാരല്ലോ. ദേശമെല്ലാം നിന്റെ മുമ്പാകെയില്ലയോ. നിന്നെ വിട്ടുപിരിഞ്ഞാലും. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പൊയ്ക്കൊൾകാം. നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട് പൊയ്ക്കൊൾകാം". (ഉല്പ.13:9)**

**ഉണർന്നുകൊൾക. ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുക. ഞാൻ നിന്റെ പ്രവർത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല. ഇതാ ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു. അത് ആർക്കും അടച്ചുകൂടാ. ഞാൻ സമ്പന്നനായിരിക്കുന്നു. എനിക്ക് ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ട് നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്ന് അറിയാതിരിക്കുന്നു. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും. ആത്മാവ് സഭകളോട് പറയുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ**

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor